കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# വടവന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പികെഡി.19-1577/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 30.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവന്നൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ

ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി.19-1577/2019 തിയ്യതി: 30.01.2020

# പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

## (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-07-2018 മുതൽ 4-11-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5-11-2019 മുതൽ 15-11-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.യു.പ്രീത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |
| ശ്രീ.എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സൈരന്ധ്രി.എം | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീമതി.ജ്യോതി.എൽ.സി | 1-4-2018 മുതൽ 2-4-2018 വരെ |
| | ശ്രീ.മുരളി.കെ (ഇൻ-ചാർജ്ജ്) | 3-4-2018 മുതൽ 17-4-2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീ.ഇ.ഷാജഹാൻ | 18-4-2018 മുതൽ 19-6-2018 വരെ |
| | ശ്രീമതി മഞ്ജു. എസ്, അസി. സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 20-06-2018 മുതൽ 27-06-2018 വരെ,<br>16-07-2018 മുതൽ 25-07-2018 വരെ &<br>15-03-2019 മുതൽ 31-03-2019 വരെ |
| | ശ്രീമതി.ജയ.പി | 28-6-2018 മുതൽ 15-7-2018 വരെ,<br>26-07-2018 മുതൽ 05-08-2018 വരെ &<br>20-08-2018 മുതൽ 18-09-2018 വരെ |
| | ശ്രീ എൻ.എൻ മുഹമ്മദ് കാസിം | 19-9-2018 മുതൽ 21-10-2018 വരെ |
| | ശ്രീ.ഗിരീഷ്.ഇ.വി (ഇൻ-ചാർജ്ജ്) | 6-8-2018 മുതൽ 19-8-2018 വരെ<br>22-10-2018 മുതൽ 3-12-2018 വരെ & |
| | ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ | 4-12-2018 മുതൽ 14-3-2019 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ഉണ്ണി. കെ.എസ്. | 1-4-2018 മുതൽ 22-06-2018 വരെ &<br>19-09-2018 മുതൽ 29-10-2018 വരെ |
| | ശ്രീമതി റീജ.എസ്.രാജ് | 23-06-2018 മുതൽ 18-09-2018 വരെ |
| | ശ്രീമതി അനശ്രീ | 30-10-2018 മുതൽ 19-3-2019 വരെ |
| | ശ്രീമതി ഷമിത. പി | 20-3-2019 മുതൽ 31-3-2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി ചുരത്തിൽ ഗംഗ | 1-4-2018 മുതൽ 10-4-2018 വരെ |
| | ശ്രീ നിഷാദ്. എസ് (ഇൻ ചാർജ്ജ്) | 11-4-2018 |
| | ശ്രീമതി മഞ്ജു. എസ് | 12-4-2018 മുതൽ 31-3-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി അഞ്ജലി | 1-4-2018 മുതൽ 31-3-2019 |

| | | |
|---|---|---|
| | ദിവാകരൻ | വരെ |
| വെറ്ററിനറി സർജൻ | ഡോ.സജിൻ മാത്യു | 1-4-2018 മുതൽ 4-4-2018 വരെ |
| | ഡോ. രമ്യ രവീന്ദ്രൻ | 5-4-2018 മുതൽ 26-4-2018 വരെ |
| | ഡോ. ഡാലി.സി. ഡേവിസ് | 27-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. ശിവദാസ് മേനോൻ | 1-4-2018 മുതൽ 17-7-2018 വരെ |
| | ഡോ. ഷഹന എസ്.ആർ | 18-7-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-<br>പി എച്ച് സി | ഡോ. ഡാലിയ ബാലകൃഷ്ണൻ | 1-4-2018 മുതൽ 31-5-2018 വരെ |
| | ഡോ. സുഭാഷ് സുബിൻ | 1-6-2018 മുതൽ 31-3-2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി ലിസ്സി ജോസഫ് | 1-4-2018 മുതൽ 31-3-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി പാർവ്വതി. കെ | 1-4-2018 മുതൽ 10-10-2018 വരെ |
| | ശ്രീമതി ഇന്ദുജ | 11-10-2018 മുതൽ 31-3-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി പ്രിൻസി.എസ്.ജോൺ | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ഫർസാന റൂബി കെ.എ | 1-4-2018 മുതൽ 9-7-2018 വരെ |
| | ശ്രീമതി സിനിമോൾ. കെ.ആർ | 10-7-2018 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ | 1-9 |
| 10 | വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് രൂപീകരണത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ | 1-10 |
| 11 | സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനത് ഫണ്ട് പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ് | 1-11 |
| 12 | വസ്തു നികുതി- ഡാറ്റാ പ്യൂരിഫിക്കേഷനു ശേഷവും ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു | 1-12 |
| 13 | വിനോദ നികുതിയിനത്തിലുള്ള വരവ് ഉറപ്പാക്കേണ്ടതാണ് | 1-13 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |
| 15 | അനധികൃത കെട്ടിടത്തിന് യു.എ നമ്പർ നൽകിയതിനുശേഷവും നിയമാനുസൃത വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-15 |
| 16 | ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല | 1-16 |
| 17 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം -പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 1-17 |
| 18 | വാഹന ഉപയോഗത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-18 |
| 19 | കുടിവെള്ള വിതരണം വിലയിരുത്തൽ | 1-19 |
| 20 | ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 1-20 |
| 21 | അർഹതാ മാനദണ്ഡം ഉറപ്പു വരുത്താതെ തൊഴിൽ രഹിത വേതന വിതരണം നടത്തി | 1-21 |
| 22 | സമഗ്ര നെൽകൃഷി വികസനം - കൂലി ചെലവ് സബ്സിഡി - പ്രൊജക്റ്റിൽ വകയിരുത്തിയ അനുപാതമനുസരിച്ച് ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമായില്ല | 1-22 |
| 23 | കൃഷി ഭവനിലെ അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കേണ്ടതും തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കേണ്ടതുമാണ് | 1-23 |
| 24 | പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ ലഭ്യമായ 464760/-രൂപ വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-24 |
| 25 | ലൈഫ് ഭവന നിർമ്മാണ സാമഗ്രികളുടെ വനിതാ നിർമ്മാണ യൂണിറ്റ് - ബ്ലോക്ക് വിഹിതമിനത്തിൽ ലഭ്യമായ 600000/- രൂപ വിനിയോഗിക്കേണ്ടതാണ് | 1-25 |
| 26 | മേൽപ്പുര റിപ്പയർ - അനർഹയായ ഗുണഭോക്താവിന് അനുവദിച്ച തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് | 1-26 |

| | | |
|---|---|---|
| | ഒടുക്കേണ്ടതാണ് | |
| 27 | മേൽപ്പുര റിപ്പയർ - മുൻകൂർ കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 28 | മേൽപ്പുര റിപ്പയർ (ജനറൽ, എസ്.സി) - പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചില്ല | 1-28 |
| 29 | ലൈഫ് (ജനറൽ) - റീഫണ്ട് തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ് | 1-29 |
| 30 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി - നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനം | 1-30 |
| 31 | പി.എം.എ.വൈ പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 32 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട – ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതു മൂലമുള്ള അധികച്ചെലവ് 7508/- രൂപ അംഗീകരിക്കുന്നില്ല | 1-32 |
| 33 | ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം 15,12604/-രൂപ വിനിയോഗിക്കപ്പെടാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു | 1-33 |
| 34 | അഗതി രഹിത കേരളം പദ്ധതി - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ് | 1-34 |
| 35 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യാതിരുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചില്ല | 1-35 |
| 36 | എം.ജി.ആർ കമ്യൂണിറ്റി ഹാളിൽ സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-36 |
| 37 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-37 |
| 38 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം | 1-38 |
| 39 | ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ബാരലുകളുടെ വില ഈടാക്കിയില്ല | 1-39 |
| 40 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-40 |
| 41 | ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ് | 1-41 |
| 42 | തൊഴിലുറപ്പ് പദ്ധതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് | 1-42 |

<u>ഭാഗം-II</u>

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തുനികുതി- ഡാറ്റാ പ്യൂരിഫിക്കേഷനു ശേഷവും ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു-തൻവർഷത്തെ നഷ്ടം 37317 രൂപ | 2-1 |

<u>ഭാഗം-III</u>

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഒന്നുമില്ല.

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

19-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 24-05-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | -186969 |
| വരവ് | 74638040 |
| ആകെ | 74451071 |
| ചെലവ് | 67501917 |
| നീക്കിയിരിപ്പ് | 6949154 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 12674912 | 12674912 | 12168812 | 506100 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 10516000 | 10516000 | 6387437 | 4128563 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 7000 | 7000 | 0 | 7000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 11279000 | 11279000 | 11244032 | 34968 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 2780000 | 2780000 | 2661194 | 118806 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5883000 | 5883000 | 4653982 | 1229018 |
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 39805 | 808334 | 848139 | 803961 | 44178 |
| എം.എൻ.ആർ.ഇ.ജി. എസ്- | 0 | 26849642 | 26849642 | 26849642 | 26849642 |

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ വേതനം | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 0 | 3076698 | 3076698 | 2391370 | 685328 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 0 | 2949126 | 2949126 | 2361610 | 587516 |
| ശുചിത്വമിഷൻ | 0 | 1664760 | 1664760 | 0 | 1664760 |
| ICDS | 1141729 | 370875 | 1512604 | 0 | 1512604 |
| തനത് ഫണ്ട്-ട്രഷറി | 283082 | 7837780 | 8120862 | 5885049 | 2235813 |
| തനത് ഫണ്ട് - ബാങ്ക് | 524254 | 4853196 | 5377450 | 4582017 | 795433 |
| തനത്ഫണ്ട് (പി.എൻ.ബി) ബാങ്ക്) | 940942 | 1800260 | 2741202 | 849660 | 1891542 |
| BRGF | 394 | 0 | 394 | 0 | 394 |
| ബി ഫണ്ട് | 0 | 1161410 | 1161410 | 1161410 | 0 |

# 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 106418783 | 115 | 54196176 | | 58 | 66 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 66% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 7969610 | 6361603 | 80 |
| വി.ഇ.ഒ | 12 | 8 | 48362972 | 19458050 | 40 |
| ഐ.സി.ഡി.എസ് | 8 | 7 | 5117691 | 3255314 | 64 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| സെക്രട്ടറി | 32 | 19 | 5050750 | 2612785 | 52 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 94 | 58 | 31082300 | 17778359 | 57 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 7 | 954000 | 923617 | 97 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 500000 | 500000 | 100 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 1050000 | 300000 | 29 |
| അസി.സെക്രട്ടറി | 8 | 6 | 3032150 | 1742178 | 57 |
| എച്ച്.എം | 6 | 4 | 2799310 | 764270 | 27 |
| ആകെ | 173 | 115 | 106418783 | 54196176 | 51 |

# 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 274440 | 158 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3489600 | 1724 |
| 3 | വിധവാ പെൻഷൻ | 6740100 | 3138 |
| 4 | വാർദ്ധക്യകാല പെൻഷൻ | 9646300 | 4471 |
| 5 | വികലാംഗ പെൻഷൻ | 1586100 | 641 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 382900 | 184 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 16,440/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 09-10-2019 | 9/2019 | ലഭ്യമായിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.01.2016-29.01.2016 | 2010-11 മുതൽ 2014-15 വരെ | 05.03.2016 |

## 1-9 ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ

1. വടവന്നൂർ ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായത് അഭിനന്ദനാർഹം

വടവന്നൂർ ഗ്രാമപഞ്ചായത്തിന് ISO 9001:2015 സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. സർട്ടിഫിക്കറ്റ് നം. TQS/Q-871

10-10-2019 മുതൽ 9-10-2022 വരെ മൂന്ന് വർഷക്കാലയളവിലേക്കാണ് സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളത്.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഭരണ സംവിധാനത്തിന്റെ ഗുണമേന്മയുടെ മുഖമുദ്രയായ ISO 9001:2015 ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കിയത് അഭിനന്ദനാർഹമാണ്. തുടർ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നുണ്ടെന്നും ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കി നിലനിർത്തുന്നുണ്ടെന്നും ഉറപ്പാക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. 2018-19 ൽ 100% നികുതി പിരിവ് കൈവരിച്ചത് അഭിനന്ദനാർഹം

തൻവർഷം വടവന്നൂർ ഗ്രാമപഞ്ചായത്തിന് 100% നികുതി പിരിവ് കൈവരിച്ചതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അംഗീകാരം ലഭ്യമായിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്. തുടർ വർഷങ്ങളിലും ഈ നേട്ടം നിലനിർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വെള്ളക്കരം ഉൾപ്പെടെയുള്ള നികുതിയേതര ഇനങ്ങളുടെ കുടിശ്ശിക ഈടാക്കുവാൻ കൂടി ശ്രദ്ധിക്കേണ്ടതാണ്.

# 1-10 വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് രൂപീകരണത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ

<u>ബജറ്റ് രൂപീകരണം - പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപ് അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. ആയത് പാലിച്ചിട്ടുണ്ടെങ്കിലും പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമം 2018-19 വർഷത്തെ ബജറ്റ് രൂപീകരണത്തിൽ പാലിക്കപ്പെട്ടിട്ടില്ല.
ബജറ്റ് രൂപീകരണത്തിൽ പാലിക്കേണ്ട നടപടി/ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കൽ, പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കൽ

വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തതായോ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായോ കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായും കാണുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം), വെറ്ററിനറി സർജൻ എന്നിവരുടെ പ്രോപ്പോസലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തിയതി രേഖപ്പെടുത്തിയിട്ടില്ല. വി.ഇ.ഒ, അസി. എഞ്ചിനിയർ, ഡയറി ഫാം ഇൻസ്പെക്ടർ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി), മെഡിക്കൽ ഓഫീസർ(ഹോമിയോ), കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1-ന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും സമയപരിധി പാലിച്ചിട്ടില്ല.

ബജറ്റ് തയ്യാറാക്കൽ, പാസാക്കൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്ലാൻ വിഹിതവും നോൺ പ്ലാൻ എസ്റ്റിമേറ്റും ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് ബജറ്റ് 28-2-2018 ന് അംഗീകരിക്കുകയും ഭരണസമിതിയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. 23.03.2018 ന് ചേർന്ന ഭരണസമിതി യോഗത്തിൽ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| പ്രാരംഭ ബാക്കി | 23,19,114 |
| തൻവർഷം വരവ് | 10,05,22,000 |
| ആകെ വരവ് | 10,28,41,114 |
| ചെലവ് | 10,02,60,000 |
| നീക്കിയിരിപ്പ് | 25,81,114 |

ബജറ്റ് നിയന്ത്രണം

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും,

ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

ബജറ്റ് പരിശോധന

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നതായി കാണുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പ്രതീക്ഷിക്കുന്ന എല്ലാ ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
4. ബജറ്റ് നിയന്ത്രണത്തിനായി ഭരണ തലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉള്ള സഹകരണം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.
5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 12/12.11.2019)

# 1-11 സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനത് ഫണ്ട് പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്

തൻവർഷം തനത് ഫണ്ടിൽ നിന്നും 11 പ്രോജക്റ്റുകൾക്കായി 11.95 ലക്ഷം രൂപ വകയിരുത്തുകയും 7.82 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയിത 29-1-2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖ.5.1(3) പ്രകാരം അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റി വെച്ച ശേഷം മിച്ചമുള്ള തുക തനത് ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഖ.5.1(3) പ്രകാരം തനത് വരുമാനത്തിലെ മിച്ചം യുക്തിസഹമായ രീതിയിൽ കണക്കാക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. അനിവാര്യമായ ചുമതലകൾക്ക് പോലും ഫണ്ടിന്റെ പരിമിതി അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ വികസന ഫണ്ട് വകയിരുത്തി ആവിഷ്കരിക്കാമായിരുന്ന പ്രോജക്റ്റുകൾ പോലും തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവ് നിർവ്വഹിച്ചത് സാമ്പത്തികാസൂത്രണത്തിലെ പോരായ്മയായി വിലയിരുത്തുന്നു.

ഉദാ. പഞ്ചായത്ത് കല്യാണ മണ്ഡപത്തിന്റെ ചുറ്റമതിലിനായി 495000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

തനത് ഫണ്ടിന്റെ പരിമിതിമൂലം വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ ഒടുക്കുന്നതിനായി മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. പ്രൊ.നം. 6/19-വൈദ്യുതി ചാർജ്ജ്, കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം - 777000 രൂപ

2. പ്രൊ.നം. 152/19-വൈദ്യുതി ചാർജ്ജ്, കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം - 52500 രൂപ

ഓഡിറ്റ് നിർദ്ദേശങ്ങൾ

തനത് ഫണ്ടിന്റെ യഥാർത്ഥ സ്ഥിതി വകയിരുത്താതെ തനത് ഫണ്ട് പദ്ധതി പ്രവർത്തനങ്ങൾക്കായി നീക്കി വെക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

തനത് ഫണ്ടിന്റെ നില മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-12 വസ്തു നികുതി- ഡാറ്റാ പ്യൂരിഫിക്കേഷനു ശേഷവും ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു

2018-19 സാമ്പത്തിക വർഷത്തിൽ സഞ്ചയയിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതും സെക്രട്ടറി ഡിജിറ്റലി സാക്ഷ്യപ്പെടുത്തി അന്തിമമാക്കിയതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചപ്പോൾ, പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ 100% ശതമാനം പൂർത്തീകരിച്ചിട്ടും വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് ഗണ്യമായ നഷ്ടം സംഭവിക്കുന്നുണ്ടെന്ന് വിലയിരുത്തുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6 പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിക്കാത്തതിനാൽ വസ്തുനികുതി നഷ്ടം

100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയത് ക്രമീകരിച്ചിട്ടില്ല. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 40 രൂപയും, 100 ച.മീറ്ററിനു മുകളിൽ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 60രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം വസ്തുനികുതി നിർണയിച്ചതിനാൽ 37317 രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

(വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് കാണുക.)

2) ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി അപാകതകൾ പരിഹരിക്കേണ്ടതാണ്

100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള ഏതാനും വാണിജ്യ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയതെങ്കിലും പഴയനികുതി വളരെ കുറവായതിനാലും ചട്ടപ്രകാരം പുനർനിണയിക്കുമ്പോൾ വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാലും വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവു വന്നിട്ടില്ലെങ്കിലും കെട്ടിടങ്ങളെ തറവിസ്തീർണത്തിന് ആനുപാതകമായി ഉപയോഗക്രമം രേഖപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥൻ | തറ വിസ്തീർണം (ച.മീ) | സാക്ഷ്യ പ്പെടുത്തിയ തിയതി |
|---|---|---|---|---|
| 1 | 1/310 | സെക്രട്ടറി, വടവന്നൂർ കോപ്പറേറ്റിവ് ബാങ്ക്. | 106 | 22.11.18 |
| 2 | 2/113 | കെ. എസ്. ഹരിദാസ് | 110 | 22.11.18 |
| 3 | 2/261 | ബിന്ദു.വി.മേനോൻ | 220 | 25.10.18 |
| 4 | 3/44 | ബാലകൃഷ്ണൻ | 150 | 09.11.18 |
| 5 | 3/45 | ബാലകൃഷ്ണൻ | 150 | 09.11.18 |
| 6 | 3/114 | സ്മിത | 160 | 09.11.18 |
| 7 | 8/180 | ഗോപിദാസ് | 280 | 27.10.18 |
| 8 | 8/337 | ശാന്തകുമാരൻ | 235 | 29.10.18 |
| 9 | 12/27 | കൊച്ചുമാളു | 144 | 22.11.18 |
| 10 | 13/79 | കേശവൻ | 150 | 01.12.18 |

ഡാറ്റ പ്യൂരിഫിക്കേഷനുശേഷവും അപാകതകൾ നിലനിൽക്കുന്നു എന്നത് ഡാറ്റാ പ്യൂരിഫിക്കേഷനിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്നതിന് തെളിവാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ- 22/14.11.2019)

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 വിനോദ നികുതിയിനത്തിലുള്ള വരവ് ഉറപ്പാക്കേണ്ടതാണ്

ജി.എസ്.ടി നിലവിൽ വന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി ഈടാക്കേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. സ.ഉ(കൈ)നം.112/2019/തസ്വഭവ തിയതി 31-08-2019 പ്രകാരം 100

രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള സിനിമാ ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും 1-9-2019 മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് തിയതി വരെയുള്ള രസീതികൾ പരിശോധിച്ചതിൽ വിനോദ നികുതി ഇനത്തിൽ യാതൊരു തുകയും ഗ്രാമപഞ്ചായത്തിൽ വരവില്ലെന്ന് ബോധ്യപ്പെട്ടു.

വടവന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന "ഗൗരി മൂവി ഹൗസ്" എന്ന സിനിമാ തിയറ്ററിൽ നിന്നുള്ള വിനോദ നികുതി ഉറപ്പാക്കിയാൽ ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിലെ കുറവ് ഒരു പരിധിവരെ നികത്താവുന്നതാണെന്ന് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 01.09.2019 തിയതി മുതലുള്ള വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ 03/08.11.2019)

ഓഡിറ്റ് നിർദ്ദേശം

സർക്കാർ ഉത്തരവനുസരിച്ച് 1-9-2019 മുതൽ കുടിശ്ശികയായ വിനോദ നികുതി ഈടാക്കേണ്ടതും എല്ലാ മാസവും മൂന്നാം തിയതിക്കു മുമ്പ് വിനോദ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

തുക ഒടുക്കാത്തപക്ഷം നോട്ടീസ് നൽകി തുക ഈടാക്കേണ്ടതാണ്.

തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു. ആയതിനെത്തുടർന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ

വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റി. 31.10.2017-ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് ഫീ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിശ്ചയിക്കുന്നത്. അപേക്ഷകളിലോ രജിസ്റ്ററിലോ അത്തരത്തിൽ സ്ഥാപനങ്ങളിൽ നിന്നും ഇൻവെസ്റ്റ്മെന്റ് രേഖപ്പെടുത്തി വാങ്ങുന്നില്ല.
2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം പല സ്ഥാപനങ്ങളുടേയും വിറ്റുവരവ് അടിസ്ഥാനമാക്കിയാണ് ഫീസ് ഈടാക്കിയിട്ടുള്ളതും ലൈസൻസ് അനുവദിച്ചിട്ടുള്ളതും.
3. ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

<u>(ബി) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻകടകൾ പ്രവർത്തിക്കുന്നു</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക്, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ ക്രമ നം. 139 പ്രകാരം അബ്കാരി ഷോപ്പുകളും ലൈസൻസ് പരിധിയിൽ വരുന്നതാണ്. വടവന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | നമ്പർ |
|---|---|---|
| 1 | വടകന്നികാപുരം, വടവന്നൂർ | എ.ആർ.ഡി. 87 |
| 2 | ആലംബള്ളം, വടവന്നൂർ | എ.ആർ.ഡി. 17 |
| 3 | വൈദ്യശാല, വടവന്നൂർ | എ.ആർ.ഡി. 126 |
| 4 | ഊട്ടറ, വടവന്നൂർ | എ.ആർ.ഡി. 88 |
| 5 | കാരപ്പറമ്പ്, വടവന്നൂർ | എ.ആർ.ഡി. 128 |
| 6 | പൊക്കുന്നി, വടവന്നൂർ | എ.ആർ.ഡി. 86 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് പ്രദേശത്തെ എല്ലാ റേഷൻ കടകൾക്കും ലൈസൻസ് എടുക്കുന്ന ആവശ്യത്തിലേക്കായി 21.03.2019, 05.10.2019 എന്നീ തിയതികളിൽ കത്ത് നൽകിയിട്ടുണ്ടെങ്കിലും കട ഉടമകൾ നാളിതുവരെ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 232, 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കെതിരെ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>(സി) ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു</u>

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനളോട് നിർദ്ദേശിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള

വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. സർക്കാർ ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ഡി) യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ സ്ഥാപിക്കുന്നതിന് ഫീസ് ചുമത്തുന്നില്ല

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ വല്ല പുരയിടത്തിലും സ്ഥാപിക്കുവാൻ 233 -ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ലൈസൻസ്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേരും, സ്ഥാപനത്തിന്റെ പേരും, വാർഡ്/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 159 | ജനറൽ മാനേജർ, കയർഫെഡ് നം-679, 6/109 | 86 HP | 500 |
| 2 | 135 | ഹിജാസ് അഹമ്മദ്, ട്രസ്റ്റ് ഓട്ടോമൊബൈൽസ് 12/460, 12/461 | 2.5 HP | 25 |
| ആകെ | | | | 525 രൂപ |

(ഇ) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ

യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേരും, സ്ഥാപനത്തിന്റെ പേരും, വാർഡ്/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തി യിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 114 | കെ.എസ്. പരശുറാം, വസന്ത മോഡേൺ റൈസ് മിൽ, 2/114, 2/115, 2/116 | 675 HP | 6750 |
| 2 | 113 | കെ.എസ്.ഹരിദാസ്, ഗായത്രി റൈസ് മിൽ, 2/110, 2/108 | 170 HP | 2000 |
| 3 | 159 | ജനറൽ മാനേജർ, കയർഫെഡ് നം-679, 6/109 | 86 HP | 1000 |
| 4 | 20 | സി. കുമാരൻ, ശ്രീ മൂകാംബിക സാമിൽ, 10/237 | 46 HP | 500 |
| 5 | 146 | മുഹമ്മദ് ആഷിക്ക്. പി.ജെ, ആഷിക്ക് സോമിൽ, 3/397, 3/398 | 38 HP | 400 |
| 6 | 63 | എ.എച്ച്. എബ്രാഹിം ഷാ, സ്റ്റോഡ സാമിൽ, 7/267 | 33 HP | 400 |
| 7 | 62 | എ.എച്ച്. എബ്രാഹിം ഷാ, ഇഹാൻ ഫർണീച്ചർ, 7/478 | 25 HP | 300 |
| 8 | 55 | എം.രാജേഷ്, മലബാർ മാച്ച് ഇൻഡസ്ട്രീസ്, 10/119 | 22 HP | 300 |
| 9 | 56 | കെ.സി.രാജൻ, മാച്ച് ഇൻഡസ്ട്രീസ്, | 22 HP | 300 |

| | | | | |
|---|---|---|---|---|
| | | 10/106 | | |
| 10 | 57 | ബിന്ദു. വി. മേനോൻ, കാഞ്ചന ഫുഡ് പ്രോസസ്സ് വർക്ക്സ്, 2/261 | 20 HP | 200 |
| 11 | 65 | ചെല്ലപ്പ, ഉമ്മർകോയ റൈസ് മിൽ, 5/122 | 20 HP | 200 |
| 12 | 133 | എം. സുലൈമാൻ, ജോഹറ മാച്ച് ഫാക്ടറി, 9/401 | 14.5 HP | 200 |
| 13 | 2 | ശോഭന. കെ, റൈസ് മിൽ 1/257 | 10 HP | 100 |
| 14 | 4 | കെ. കൃഷ്ണൻകുട്ടി, ജ്യോതി റൈസ് മിൽ, 11/346 | 10 HP | 100 |
| 15 | 13 | പി.സി. പ്രവീൺ, വേലായുധ റൈസ് മിൽ, 7/15 | 10 HP | 100 |
| 16 | 17 | എ. വസുധകുമാരി, ശ്രീ ഭഗവതി റൈസ് മിൽ, 2/371 | 10 HP | 100 |
| 17 | 40 | സുരേഷ്. ആർ, കെ.ആർ. റൈസ് മിൽ, 6/36 | 10 HP | 100 |
| 18 | 85 | എ.ലക്ഷ്മിക്കുട്ടി, റൈസ് മിൽ, 1/72 | 10 HP | 100 |
| 19 | 86 | ആർ. ബേബി പ്രസാദ്, റൈസ് മിൽ, 1/48 | 10 HP | 100 |
| ആകെ | | | | 13250 രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടവാക്കിയ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഇ) ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.

2. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്
4. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ഫീസ്, യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള അിനുമതി ഫീസ് എന്നിവ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കും പ്രകാരം ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ-2, തിയതി- 08.11.2019

# 1-15 അനധികൃത കെട്ടിടത്തിന് യു.എ നമ്പർ നൽകിയതിനുശേഷവും നിയമാനുസൃത വസ്തുനികുതി ഈടാക്കിയിട്ടില്ല

വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ(യു.എ രജിസ്റ്റർ) പരിശോധിച്ചപ്പോൾ പേജ് നം. 10 ൽ ഒരു കല്യാണ മണ്ഡപത്തിന് യു.എ-10 എന്ന് നമ്പർ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. 7 ഉടമകളുടേയും പേര് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഈടാക്കേണ്ട വസ്തു നികുതി 98397 (യഥാർത്ഥ നികുതിയുടെ മൂന്നിരട്ടി) എന്നും ലൈബ്രറി സെസ് 4920 എന്നും രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും തുക ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് യു.എ നമ്പർ നൽകിയ സാഹചര്യത്തിൽ നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കിയിട്ടുണ്ടോ എന്നും അനധികൃത നിർമ്മാണത്തിനെതിരെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സഞ്ചയ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരം</u>

സഞ്ചയയിൽ ഫോറം 6 പരിശോധിച്ചതിൽ കെട്ടിടം ഇപ്പോഴും നിയമാനുസൃതമല്ലാത്ത കെട്ടിടമായി തുടരുകയാണെന്ന് കണ്ടെത്തി.

കെട്ടിട നമ്പർ - 12/10 യു.എ

കെട്ടിടത്തിന്റെ വിഭാഗം - നിയാമാനുസൃതമല്ലാത്ത കെട്ടിടം

കെട്ടിട ഉടമയുടെ വിവരങ്ങൾ - കെ.എസ് മുഹമ്മദ് ഷെറീഫ്, അൻസാർ, കെ.ബാലകൃഷ്ണൻ, അനന്തകൃഷ്ണൻ, ജയശങ്കർ, ജിജികുമാർ, കൃഷ്ണൻ.

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം - 911.07 ച.മീറ്റർ

ഉപയോഗം തുടങ്ങിയ തിയതി - 01.05.2010

നികുതി പ്രാബല്യത്തിൽ വന്ന തിയതി - 2019 ആദ്യ അർദ്ധവർഷം (സഞ്ചയ പ്രകാരം)

അടിസ്ഥാന വസ്തു നികുതി നിരക്ക് - 30 രൂപ

അടിസ്ഥാന വസ്തു നികുതി - 27332.1 രൂപ

അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധനവ് - 5466.42 (20%- വഴി സൗകര്യം)

വാർഷിക വസ്തു നികുതി - 98397 രൂപ (വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും)

ആകെ നികുതി - 103317 രൂപ (ലൈബ്രറി സെസ്സ് ഉൾപ്പടെ 4920)

നിലവിലെ സ്ഥിതി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം ആയതിന്റെ രണ്ടിരട്ടിയും ഈടാക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഈ നടപടി നിയമാനുസൃതമല്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മിതിക്കെതിരെ നാളിതുവരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ എതിർവശത്തായി 2010 മുതൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട്. വിവാഹത്തിനും മറ്റാവശ്യങ്ങൾക്കുമായി വാടകയ്ക്ക് കൊടുത്തു വരുന്നുണ്ട് എന്ന് ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

സ്ഥാപനം 21-2-2019 ന് ക്രമവത്കരണത്തിനായി പഞ്ചായത്തിൽ അപേക്ഷ നൽകിയെങ്കിലും സെക്രട്ടറി 22-3-2019 ലെ എ3.1223/19 നം. കത്ത് പ്രകാരം 9 ന്യൂനതകൾ ചൂണ്ടി കാണിച്ച് അപേക്ഷ പുനർ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെ അപാകതകൾ പരിഹരിച്ച് ക്രമവൽക്കരണത്തിനുള്ള അപേക്ഷ പുന:സർപ്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് സ്വീകരിച്ച മറ്റ് നടപടികൾ

1. 5-9-2019 ലെ സെക്രട്ടറിയുടെ നടപടിക്രമം നം. എ3-3453/2019 പ്രകാരം കെട്ടിട ഉടമയോട് അനധികൃത കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെയോ നിയമാനുസൃതം ക്രമവത്കരിക്കുന്നതുവരെയോ കെട്ടിടത്തിന്റെ കൈവശക്കാർ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ വസ്തു നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ് എന്നും 2019 സെപ്റ്റംബർ 30-ാം തിയതിക്കകം തുക അടക്കേണ്ടതാണെന്നും അനധികൃത നിർമ്മാണം ക്രമവത്കരിക്കുവാനുള്ള അപേക്ഷ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുമുണ്ട്.

2. 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 14(1) പ്രകാരം വടവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2019 തിയതിയിലെ എ3-803/2019 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 2010-11 വർഷം മുതലുള്ള നികുതി ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും സഞ്ചയയിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം നികുതി പ്രാബല്യത്തിൽ വന്ന തിയതി 2019 ഫസ്റ്റ് ഹാഫ് ആണ്. കെട്ടിടം ക്രമവത്കരിച്ച് യഥാർത്ഥ നമ്പർ നൽകാതെ നികുതി നിശ്ചയിച്ചതിന് നിയമ സാധുതയില്ലെന്ന് വിലയിരുത്തുന്നു.

കെട്ടിടനിർമ്മാണം ക്രമവത്കരിച്ച് യഥാർത്ഥ കെട്ടിട നമ്പർ നൽകുന്നതുവരെ യു.എ നമ്പർ നൽകിയത് പ്രകാരമുള്ള നികുതിയാണ് ഈടാക്കേണ്ടതെങ്കിലും ആയത് നാളിതുവരെ ഈടാക്കിയിട്ടില്ല.

പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എഎ പ്രകാരം യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയും ആയതിന്റെ രണ്ടിരട്ടിയും ഈടാക്കുന്നതിന് കെട്ടിട ഉടമസ്ഥർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്, ആയതിന് ഉടമസ്ഥരിൽ ഒരാളായ കെ.എസ്. മുഹമ്മദ് ഷെറീഫ് ആന്റ് മുതൽപ്പേർ എന്നവർ 30.09.2019 തിയതി നൽകിയ കത്ത് പ്രകരം നികുതി തുക ഗഡുക്കളായി അടവാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ഓഡിറ്റ് അന്വേഷണം നമ്പർ-10/12.11.2019)

ഓഡിറ്റ് നിർദ്ദേശം

1. യു.എ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. കെട്ടിട ഉടമസ്ഥരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയും ആയതിന്റെ രണ്ടിരട്ടിയും ഈടാക്കി വിവരം അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തുക ഒടുക്കാത്ത പക്ഷം യു.എ നമ്പർ റദ്ദാക്കേണ്ടതും തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതുമാണ്.
3. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മിതിക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. കെട്ടിടം ക്രമവത്കരിച്ച് യഥാർത്ഥ നമ്പർ നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല

2016-17 രണ്ടാം അർദ്ധവർഷം മുതൽ 2018-19 ഒന്നാം അർദ്ധവർഷം വരെയുള്ള കാലയളവിലെ ലൈബ്രറി സെസ്സ് കുടിശ്ശിക തുകയായ 200306 രൂപ തൻവർഷം സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നം. 804/22-2-2019 - 200306 രൂപ

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം)ആക്ട്, 1989 ലെ വകുപ്പ് 48(1) പ്രകാരമാണ് വസ്തു നികുതിയിൽ നിന്നും നിശ്ചിത തുക ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കേണ്ടത്. സർക്കുലർ നം. 17263/L3/തസ്വഭവ തിയതി 29-12-2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വർഷങ്ങളോളം ലൈബ്രറി സെസ്സ് ഒടുക്കാതെ ഒന്നിച്ച് തുക ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം നം.14, തിയ്യതി 14-11-2019 ന്റെ മറുപടിയിൽ പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ ലഭ്യതക്കുറവു മൂലമാണ് എന്ന് അറിയിച്ചിട്ടുണ്ട്. 31.03.2019-ലെ കുടിശ്ശിക 48615/-രൂപയാണ്.

വസ്തു നികുതിയിൽ നിന്നും ഈടാക്കുന്ന 5% തുക അതാത് സമയം അടവാക്കാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ശരിയായ നടപടിയല്ല. തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-17 ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം -പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം നൽകുന്നതിന് ഓഡിറ്റ് വർഷത്തിൽ വികസന ഫണ്ട് വകയിരുത്തി ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം എന്ന പ്രൊജക്ട് ആവിഷ്കരിച്ചിട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നം. - 5/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 273000 (വികസന ഫണ്ട് - ജനറൽ)

ചെലവ് – 266070

സ.ഉ (സാധാ)നം.756/17/ത.സ്വ.ഭ.വ തിയതി 18-3-17 പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 1-4-2017 മുതൽ 31-3-2018 വരെ ദീർഘിപ്പിച്ചു നൽകുകയും വേതനം തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും അനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ തുടർച്ചയായി സ.ഉ (സാധാ)നം.571/18/ത.സ്വ.ഭ.വ തിയതി 27-2-18 പ്രകാരം കാലാവധി 1-4-2018 മുതൽ 31-3-2019 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

2018-19 വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി നടത്തിയ ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം., തിയ്യതി | തുക |
|---|---|---|
| 1 | 2/20-04-18 | 21000 |
| 2 | 5/09-05-18 | 21000 |
| 3 | 15/10-07-18 | 42000 |
| 4 | 21/21-08-18 | 21420 |
| 5 | 24/13-9-18 | 21420 |
| 6 | 31/11-10-18 | 21420 |
| 7 | 39/14-11-18 | 21420 |
| 8 | 3/18-12-18 | 21420 |
| 9 | 7/07-01-19 | 21420 |
| 10 | 11/07-02-19 | 21420 |
| 11 | 15/08-03-19 | 21420 |
| 12 | 24/27-03-2019 | 10710* |
| ആകെ | | 266070 |

*ആർജ്ജിതാവധി സറണ്ടർ

തനതുഫണ്ടിൽ നിന്നും തുക വകയിരുത്തുന്നതിനു പകരം പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.13, തിയ്യതി

12-11-2019 ന്റെ മറുപടിയിൽ ഇനി മുതൽ വേതനം തനതു ഫണ്ടിൽ നിന്നും നൽകുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. തനത് ഫണ്ട് കുറവായ ഗ്രാമപഞ്ചായത്തിന് ആവശ്യമെങ്കിൽ മെയ്ന്റനൻസ് ഗ്രാന്റിന്റെ 10% ൽ നിന്നും ഇത്തരം ആവശ്യങ്ങൾക്കായി തുക വകയിരുത്തുവാൻ സർക്കാർ അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് പരിഗണിച്ചിട്ടില്ല. വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്.

# 1-18 വാഹന ഉപയോഗത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്ന വാഹനത്തിന്റെ വിവരം താഴെ ചേർക്കുന്നു.

ജീപ്പ് – നം. KL70-2332 – മഹീന്ദ്ര-സൈലോ

ജി.ഒ(എം.എസ്)നം.170/07/ത.സ്വ.ഭ.വ തിയതി 30-06-2007 പ്രകാരം പഞ്ചായത്ത് വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്.

2. പെട്രോൾ/ഡീസൽ/ഗ്യാസ്/ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്.

3. റിപ്പയർ രജിസ്റ്റർ.

4. ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ.

5. സ്റ്റോക്ക് രജിസ്റ്റർ.

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

<u>1. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നില്ല</u>

ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നില്ല.

2018-19 വർഷത്തിൽ ലോഗ് ബുക്ക്, വൗച്ചറുകൾ എന്നിവയുടെ പരിശോധനയിൽ വാഹനം ആകെ 17131 കിലോ മീറ്റർ ഓടിയിട്ടുണ്ട്. ആകെ 1462 ലിറ്റർ ഡീസൽ ഉപയോഗിച്ചിട്ടുണ്ട്. ഈ കണക്കനുസരിച്ച് മൈലേജ് 12 കിലോമീറ്ററിൽ താഴെ മാത്രമാണുള്ളത്. ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

<u>2. ലോഗ് ബുക്കിന്റെ സൂക്ഷിപ്പ്</u>

ലോഗ്ബുക്കിന്റെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും ലോഗ്ബുക്കിൽ പ്രതിമാസ സംക്ഷിപ്തം എഴുതി ആരും ഒപ്പുവെക്കുന്നില്ല.

<u>3. റിപ്പയർ രജിസ്റ്റർ</u>

ജീപ്പിന്റെ റിപ്പയറിനായി ആകെ 54327 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ റിപ്പയർ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

4. അറ്റകുറ്റപ്പണികൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്

വാഹനത്തിന്റെ അറ്റകുറ്റപ്പണികളുടെ ചുമതല കസ്റ്റോഡിയൻ ഓഫീസർക്കോ അദ്ദേഹം നിയമാനുസൃതം ചുമതലപ്പെടുത്തുന്ന എഞ്ചിനീയർ മുഖേനയോ നിർവ്വഹിക്കാവുന്നതാണ്. അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത ചെലവ് രണ്ടായിരം രൂപയിൽ അധികരിച്ചും പതിനായിരം രൂപ വരെയുമാണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ പഞ്ചായത്തിന്റെ അംഗീകാരത്തിന് വിധേയമായി സർക്കാരിന്റെ അംഗീകാരമുള്ള ഒരു വർക്ക്ഷോപ്പ് മുഖേന നിർവ്വഹിക്കാവുന്നതാണ്. പ്രതീക്ഷിത ചെലവ് 10000 രൂപയ്ക്ക് മുകളിലാണെങ്കിൽ ക്വട്ടേഷൻ മുഖേന നിർവ്വഹിക്കേണ്ടതാണ്.

താഴെ പറയുന്ന ചെലവുകൾ ക്വട്ടേഷൻ ഇല്ലാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്.

| ക്രമ നം. | ചെലവ് | ബിൽ നം/തിയ്യതി | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 13530 | 218/18.06.2018 | ഇറാം മോട്ടോർസ് |
| 2 | 12641 | 813/27.02.2019 | ഇറാം മോട്ടോർസ് |

5. ഗാരേജ്

വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി ഒരു ഗാരേജ് ഉണ്ടാകേണ്ടതും വാഹനം ആയതിൽ സൂക്ഷിക്കേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ വാഹനത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ വടവന്നൂർ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഗാരേജ് ഇല്ലാത്തതിനാൽ വാഹനം മറ്റൊരു സ്ഥലത്താണ് സൂക്ഷിക്കുന്നതെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആവശ്യമായ ഗാരേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. മറ്റ് രേഖകൾ

31-3-2006 ലെ ജി.ഒ.(പി)നം.161/2006/ഫിൻ ഉത്തരവ് പ്രകാരം വാഹനത്തിന്റെ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതുണ്ട്. ആയത് സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഇന്ധനക്ഷമതാ ടെസ്റ്റ് നിശ്ചിത കാലയളവിൽ നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

3. വാഹനത്തിന്റെ അറ്റകുറ്റപണികളുടെ പ്രതീക്ഷിത ചെലവ് 10000 രൂപയ്ക്ക് മുകളിലാണെങ്കിൽ ക്വട്ടേഷൻ മുഖേന നിർവ്വഹിക്കേണ്ടതാണ്.

4. വാഹനം സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ഗാരേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17, തിയ്യതി - 14-11-2019 ന്റ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 കുടിവെള്ള വിതരണം വിലയിരുത്തൽ

1. ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നില്ല

ജല അതോറിറ്റിയുടെ കീഴിലുള്ള 148 പൊതു ടാപ്പുകൾ ഗ്രാമപഞ്ചായത്ത് അതിർത്തിയിലുണ്ട്. പ്രതിമാസം 64750 രൂപ ജല അതോറിറ്റിയിൽ തനത് ഫണ്ടിൽ നിന്നും ഒടുക്കേണ്ടതായിരുന്നുവെങ്കിലും ആകെ 7.77 ലക്ഷം രൂപ തൻവർഷം മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും ഒടുക്കിയിട്ടുണ്ട്.

തനത് ഫണ്ടിൽ കുറവുള്ള സാഹചര്യത്തിൽ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും തുക വകയിരുത്തിയാണ് വെള്ളക്കരം ഒടുക്കിയിട്ടുള്ളത്. പ്രൊജക്റ്റ് നം. 6/19-എം.ജി-നോൺ റോഡ്.

പൊതു ടാപ്പുകളുടെ കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ഒടുക്കി വരുന്നത്. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കി പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
2. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വ്യക്തിഗത സബ്സിഡി അനുവദിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. എല്ലാ പ്രദേശത്തും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതു ടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനുള്ള ശ്രമം നടത്തി പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കേണ്ടതാണ്.

2. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത

സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. വടവന്നൂർ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള 2 കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ലാത്തതിനാലും വെള്ളക്കരം പിരിച്ചെടുക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുന്നതിനാലും വെള്ളക്കരം ഇനത്തിലെ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

3. കുടിവെള്ള പദ്ധതികളുടെ വിവരം

വടവന്നൂർ ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന 2 കുടിവെള്ള പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതി |
|---|---|
| 1 | തങ്കയം |
| 2 | ചമ്പക്കുളം |

ഉപഭോക്താക്കളുടെ വിവരം

ഓരോ കുടിവെള്ള പദ്ധതിക്കും കീഴിലുള്ള ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. രണ്ട് പദ്ധതികൾക്കും കീഴിൽ ഗാർഹിക, ഗാർഹികേതര വിഭാഗങ്ങളിൽ 418 ഉപഭോക്താക്കൾ ഉള്ളതായി സെക്ഷൻ ക്ലാർക്ക് അറിയിച്ചു.

വെള്ളക്കരം

ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 100 രൂപയാണ് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. ഗാർഹികേതര ഉപഭോക്താക്കൾക്കുള്ള തുകയുടെ വിവരം ലഭ്യമല്ല.

ഡിമാന്റ് രജിസ്റ്റർ

ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. കൃത്യമായ ഡിമാന്റും വരവു കുടിശ്ശികയും എത്രയെന്ന് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയിലാണ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്.

കുടിശ്ശികയുടെ വിവരം

വാർഷിക കണക്ക് പ്രകാരം 3.67 ലക്ഷം രൂപ വെള്ളക്കരം ഇനത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ഡിമാന്റ് രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ കുടിശ്ശികയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.

വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള അപേക്ഷയിൽ നിബന്ധനകളൊന്നും ചേർത്തിട്ടില്ല. കുടിവെള്ള കണക്ഷൻ നൽകുമ്പോൾ ഒപ്പു വെക്കുന്ന എഗ്രിമെന്റിലും അവശ്യം ഉൾപ്പെടുത്തേണ്ട നിബന്ധനകൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.

വരവ്-ചെലവ് കണക്കുകൾ

വാർഷിക കണക്ക് പ്രകാരം തൻവർഷത്തെ ഡിമാന്റ് 330600/- രൂപയും പിരിവ് 215650/- രൂപയുമാണ്. വെള്ളക്കരം പിരിവ് കാര്യക്ഷമമല്ലെന്ന് വിലയിരുത്തുന്നു.

വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ധാരാളം തുക പദ്ധതികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 124807 |
| അറ്റകുറ്റപ്പണികൾ | 5659 |
| പമ്പ് ഓപ്പറേറ്റർ (3 എണ്ണം) | 120000 |
| ആകെ | 250466 |

<u>4. രണ്ട് കുടിവെള്ള പദ്ധതികൾ മാത്രമുള്ള പഞ്ചായത്തിൽ മൂന്നാമതൊരു പമ്പ് ഓപ്പറേറ്റർക്ക് വേതനം നൽകുന്നത് പരിശോധിക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്നത് 2 കുടിവെള്ള പദ്ധതികളാണുള്ളതെങ്കിലും മൂന്ന് പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകി വരുന്നുണ്ട് എന്ന് തനതു ഫണ്ട് ചെലവു രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. മൂന്നാമത്തെ ആൾ KWA യുടെ പമ്പ് ഓപ്പർ ആണെന്നാണ് വൗച്ചറുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രതിമാസം 3000/- രൂപ ശ്രീ.ഷൺമുഖൻ എന്നയാൾക്ക് നൽകി വരുന്നുണ്ട്. ടിയാനെ നിയമിച്ച് തുക അനുവദിക്കുന്നതിനായി എടുത്ത തീരുമാനം/ഉത്തരവ് എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയതിൽ (നം.17/14-11-19) ഈ വിഷയത്തിന്മേലുള്ള 23-6-2017 ലെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ (നം.8(6)) പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. തീരുമാനത്തിൽ ഇപ്രകാരമാണ് സൂചിപ്പിച്ചിട്ടുള്ളത്: "ജല അതോറിറ്റിയുടെ കീഴിലുള്ള 2 ബോർവെൽ പമ്പ് ഹൗസുകൾ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകി അധിക സമയത്തേക്ക് പ്രവർത്തിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്".

തനതു ഫണ്ടിന്റെ നിലവിലെ സ്ഥിതി വിലയിരുത്തിക്കൊണ്ടും മേൽ പ്രദേശങ്ങളിൽ നിലവിലും അത്തരത്തിലുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്ന് അന്വേഷണവിധേയമാക്കിക്കൊണ്ടും ജലഅതോറിറ്റിയുടെ കീഴിലുള്ള പമ്പ്ഹൗസുകളിലെ പമ്പ് ഓപ്പറേറ്റർക്ക് വേതനം നൽകി വരുന്നത് പുനഃപരിശോധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. സ.ഉ (സാധാ)നം.1275/2009/ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിച്ച് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

2. വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ കാലികമാക്കി കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

4. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഗാർഹിക കണക്ഷനുകൾ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

6. തനതു ഫണ്ടിന്റെ നിലവിലെ സ്ഥിതി വിലയിരുത്തിക്കൊണ്ടും മേൽ പ്രദേശങ്ങളിൽ നിലവിലും അത്തരത്തിലുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്ന് അന്വേഷണവിധേയമാക്കിക്കൊണ്ടും

ജലഅതോറിറ്റിയുടെ കീഴിലുള്ള പമ്പ്ഹൗസുകളിലെ പമ്പ് ഓപ്പറേറ്റർക്ക് വേതനം നൽകി വരുന്നത് പുനഃപരിശോധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തുന്നതിനായി ഓഡിറ്റ് ലക്ഷ്യമിടുകയും പ്രതിമാസ ബില്ലുകൾ ഉൾപ്പെടെ ലഭ്യമായ രേഖകൾ പരിശോധിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>എ. ലാമ്പുകളുടെ എണ്ണം, വൈദ്യുതി ചാർജ്ജ്</u>

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾ ഭാഗികമായി മീറ്ററിംഗ് സംവിധാനത്തിന് കീഴിലാക്കിയിട്ടുണ്ട്. 33 കൺസ്യൂമർ പോയിന്റുകൾ നിലവിലുണ്ട്.
മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നുണ്ട്. പ്രതിമാസം ശരാശരി 57000 രൂപയോളം വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവുണ്ട്.

വൈദ്യുതി ചാർജ്ജ് ഒടുക്കിയതിന്റെ ബില്ലുകൾ പരിശോധിച്ചപ്പോൾ 1/2016 മുതൽ 1/2019 വരെയുള്ള കാലയളവിലെ മുതലമട സെക്ഷന് കീഴിലുള്ള തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒറ്റത്തവണയായി 27000/- രൂപ പലിശരഹിതമായി ഒടുക്കിയതായി കണ്ടെത്തി. ബിൽ നം. 814/27-2-2019. മുതലമട സെക്ഷന് കീഴിൽ മലയമ്പള്ളം, കണ്ടനാറ എന്നീ പ്രദേശങ്ങളിലെ രണ്ട് ട്രാൻസ്ഫോർമറുകൾക്ക് കീഴിൽ ആകെ 54 എൽ.ഇ.ഡി വിളക്കുകൾ ഉള്ളതായി വൈദ്യുതി ബോർഡിൽ നിന്നും ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതിരുന്നതാണ് ഇപ്രകാരമുള്ള അപാകതയ്ക്ക് കാരണമെന്ന് വിലയിരുത്തുന്നു.

ബാക്കി തെരുവു വിളക്കുകളെ കൂടി മീറ്ററിന് കീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ തുടർ പദ്ധതികളൊന്നും ഗ്രാമപഞ്ചായത്ത ആവിഷ്കരിച്ചിട്ടില്ല. എല്ലാ ലാമ്പുകളേയും മീറ്ററിന് കീഴിൽ കൊണ്ടുവന്നാൽ ഉപയോഗിക്കാത്ത ലാമ്പുകൾക്ക് കൂടി ചാർജ്ജ് ഒടുക്കുന്നത് ഒഴിവാക്കാവുന്നതാണ്.

<u>ബി. തെരുവു വിളക്കുകളുടെ കണക്ക്</u>

തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ എണ്ണം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഓരോ ഇനം ലാമ്പുകളുടേയും എണ്ണത്തിനും കൃത്യമായ കണക്കില്ല. 2018-19 വർഷത്തെ വാർഷിക റിപ്പോർട്ട് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

സി.എഫ്.എൽ - 1196

എൽ.ഇ.ഡി - 996

ട്യൂബ് - 71

ഹൈമാസ്റ്റ് ലാമ്പ് -3 (2018-19, 2019-20 വർഷങ്ങളിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചത്)

ആകെ - 2266 എണ്ണം

ലാമ്പുകളുടെ കൃത്യത ഉറപ്പാക്കാതെയാണ് വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽകി വരുന്നത്.

<u>സി. വാർഷിക അറ്റകുറ്റപ്പണികൾ</u>

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി തൻവർഷം 468006/- രൂപ ചെലവഴിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കും ലാമ്പുകൾ വാങ്ങി സ്ഥാപിക്കുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ആകെ 1192 ലാമ്പുകൾ മാറ്റി സ്ഥാപിച്ചതായി കരാറുകാരൻ സമർപ്പിച്ച ബില്ലുകളിൽ നിന്നും വ്യക്തമാണ്. വാർഷിക റിപ്പോർട്ട് പ്രകാരമുള്ള ലാമ്പുകളുടെ എണ്ണത്തിന്റെ 53% ലാമ്പുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 9 വാട്ടിന്റെ 972 എൽ.ഇ.ഡി ലാമ്പുകൾ ഉൾപ്പെടുന്നു. ലാമ്പുകളുടെ വാറണ്ടി തുടങ്ങിയ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മുൻവർഷങ്ങളിൽ വാങ്ങി സ്ഥാപിച്ചതും വാറണ്ടി നിലനിൽക്കുന്നതുമായ തെരുവു വിളക്കുകളും മാറ്റി സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള യാതൊരു സംവിധാനവും നിലവിലില്ല. കരാറുകാരന്റെ ബില്ലും മെമ്പർമാരുടെ സാക്ഷ്യപത്രവും അനുസരിച്ചാണ് തുക അനുവദിക്കുന്നത്. കൃത്യമായ പരിശോധനയില്ലാതെ അറ്റകുറ്റപ്പണികൾക്കുള്ള തുക നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. കൃത്യമായ കണക്കുകൾ അടിസ്ഥാനമാക്കി വാറണ്ടി ഉള്ള ലാമ്പുകളെ ഒഴിവാക്കി ബാക്കിയുള്ള ലാമ്പുകളുടെ മാത്രം അറ്റകുപ്പണികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ തിട്ടപ്പെടുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
2. എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം കൂടുതലുള്ള എല്ലാ ലാമ്പുകൾക്കും പകരം ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

4. വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 21/14-11-2019)

# 1-21 അർഹതാ മാനദണ്ഡം ഉറപ്പു വരുത്താതെ തൊഴിൽ രഹിത വേതന വിതരണം നടത്തി

2018–19 വർഷത്തിൽ വിതരണം ചെയ്ത തൊഴിൽരഹിത വേതനം നൽകിയിട്ടുള്ളത് നിലവിലുള്ള ചട്ടത്തിനും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായാണോ എന്നും അർഹതാ മാനദണ്ഡങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.
തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ, 1998

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

മേൽ ചട്ടങ്ങൾ പ്രകാരം 'വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും' ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹനായിട്ടുള്ളത്.
ഓഡിറ്റ് വർഷത്തിൽ സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം 2 തവണകളായി ആകെ 155 പേർക്കാണ് തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുള്ളത്. രണ്ടു ഘട്ടങ്ങളിലായി പിൻവലിച്ച തുക, ചെലവഴിച്ച തുക, കൈപ്പറ്റിയവരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./തിയ്യതി | 19/20-7-2018 | 17/11-03-2019 |
|---|---|---|
| പിൻവലിച്ച തുക | 173640 | 144000 |
| യഥാർത്ഥത്തിൽ ചെലവഴിച്ച തുക | 147600 | 126840 |
| വിതരണം ചെയ്യാതെ തിരിച്ചടച്ച തുക | 26040 | 17160 |
| തിരിച്ചടച്ച തുകയുടെ വൗച്ചർ നം.തിയ്യതി (ബിൽ രജിസ്റ്റർ പ്രകാരം) | 297/28-7-2018 | 868/21-3-2019 |
| വേതനം കൈപ്പറ്റിയവരുടെ എണ്ണം | 155 | 135 |

ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം പിന്നീട് ആവശ്യാനുസരണം വിവിധ തുക ബാങ്കിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യുന്ന രീതിയാണ് തുടർന്നു വന്നിരുന്നത്. അപ്രകാരം തുക വിതരണം ചെയ്യുന്നതിനു മുമ്പായി അർഹത വിലയിരുത്തുന്നതിനുള്ള സാധ്യത ഉണ്ടായിട്ടും സെക്ഷനും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല.

സെക്രട്ടറിയുടെ ബിൽ രജിസ്റ്റർ പ്രകാരം വിവിധ ഘട്ടങ്ങളിൽ തുക വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ രജിസ്റ്റർ പ്രകാരമുള്ള ബിൽ നം., തിയ്യതി | തുക |
|---|---|
| 294/26-7-18 | 61320 |
| 295/27-7-18 | 51600 |
| 296/28-7-18 | 34680 |
| ഒന്നാം ഘട്ടം ആകെ ചെലവ് | 147600 |
| 849/18-3-19 (രണ്ടാം ഘട്ടം) | 144000 (തിരിച്ചടവ് - 17160) |
| രണ്ടാം ഘട്ടം ആകെ ചെലവ് | 126840 (144000-17160) |

ഓഡിറ്റിനു ലഭ്യമാക്കിയ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

എ) വേതനം കൈപ്പറ്റുന്നവരുടെ അർഹത ഉറപ്പു വരുത്തിയില്ല

2018-19 വർഷത്തിൽ ഒന്നാം ഘട്ടത്തിൽ 155 പേർക്ക് 147600 രൂപ വിതരണം ചെയ്തതിൽ 155 പേരുടെയും വരുമാനം ഉറപ്പു വരുത്തിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ബി) അനർഹരാണെന്ന് വ്യക്തമായിട്ടും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല

രണ്ടാം ഘട്ടത്തിൽ 135 പേർക്ക് വേതനം വിതരണം ചെയ്തതിൽ 105 പേരുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയ 105 പേരുടെയും വാർഷിക വരുമാനം 12000 രൂപയിൽ കൂടുതലും അനർഹരുമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അർഹത പരിശോധിക്കാതെ വേതനം വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.12, തിയ്യതി 12-11-2019) മറുപടിയിൽ വേതനം കൈപ്പറ്റിയ ശേഷമാണ് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്.

സി) ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടിയിരുന്ന നടപടികൾ

1. 1998ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) – അപേക്ഷകന്റെ വരുമാനം നിശ്ചയിക്കുന്നത് തദ്ദേശ ഭരണാധികാരികളാണ്. യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

2. 1998ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 4(i) – അനർഹരാണെന്നു ബോധ്യപ്പെടുന്ന പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുക, നിയമനങ്ങളിൽ നിരോധനം ഏർപ്പെടുത്തുക, തൊഴിൽ രഹിത വേതനം നിർത്തലാക്കുക, അനർഹമായി കൈപ്പറ്റിയ തുക 100 രൂപ പിഴ സഹിതം തിരിച്ചു പിടിക്കുക എന്നീ നടപടികൾക്ക് വിധേയനാക്കേണ്ടതാണ്. അനർഹമായി കൈപ്പറ്റിയ തുക തിരിച്ചു നൽകാത്തവരുടെ കേസിൽ ആ തുക ജില്ലാ കളക്ടർ മുഖേന റവന്യൂ റിക്കവറി നടപടിക്രമം പാലിച്ച് ഈടാക്കുന്നതിന് തദ്ദേശഭരണ അധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
അനർഹരാണെന്ന് തിരിച്ചറിഞ്ഞിട്ടും രണ്ടാം ഘട്ടത്തിൽ വിതരണം ചെയ്ത തുക തിരികെ ഈടാക്കാതിരുന്ന നടപടി ചട്ടങ്ങളുടെ ലംഘനമാണ്.

ഡി) 2019 – 20 വർഷത്തിൽ സ്വീകരിച്ച നടപടികൾ ശ്ലാഘനീയം

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17-09-2019 ലെ തീരുമാനം നം.2 പ്രകാരം 2019-20 ഒന്നാം ഗഡു വിതരണത്തിന് ഗുണഭോക്താക്കളുടെ വ്യക്തിഗത വരുമാനം പരിശോധിച്ചതിൽ വരുമാന പരിധി പ്രകാരവും മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അനർഹരായവരുടെയും, 3 തവണ കത്ത് നൽകിയിട്ടും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതും ഉൾപ്പെടെയുള്ള ആകെ 146 പേരുടെയും തൊഴിൽ രഹിത വേതനം റദ്ദ് ചെയ്യുന്നതിന് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 2018-19വർഷം രണ്ടാം ഘട്ടത്തിൽ വിതരണം ചെയ്ത 135 പേരുടെ തൊഴിൽ രഹിത വേതനത്തിന്റെ കാര്യത്തിൽ 105 പേർ വരുമാന സർട്ടിഫിക്കറ്റ് വിതരണ വേളയിലോ ആയതിനു ശേഷമോ ഹാജരാക്കുകയും അനർഹരാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടും 1998ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 4(i) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെക്ഷനോ മേലാധികാരികളോ മുൻകൈയെടുത്തിട്ടില്ല. ആയതിനാൽ അനർഹമായി കൈപ്പറ്റിയെന്ന് വ്യക്തമായും ബോധ്യപ്പെട്ട 105 പേരുടെ തൊഴിൽരഹിത വേതന വിതരണം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 105 പേർ അനർഹമായി കൈപ്പറ്റിയ 99600 രൂപ ചട്ടപ്രകാരം നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

2. ഇത്തരത്തിൽ ഒരു സാഹചര്യം നിലനിൽക്കുന്നതിനാൽ ആദ്യ ഘട്ടത്തിൽ വിതരണം ചെയ്ത 155 പേരുടെയും, രണ്ടാം ഘട്ടത്തിൽ അവശേഷിക്കുന്ന 30 പേരുടെയും അർഹത കൂടുതൽ അന്വേഷണവിധേയമാക്കേണ്ടതും. അനർഹരെന്നു കണ്ടെത്തുന്ന പക്ഷം ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചട്ടപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കേണ്ടതാണ്.

4. 1998 ലെ തൊഴിൽ രഹിത വേതന ചട്ടപ്രകാരം നിശ്ചയിക്കപ്പെട്ട വരുമാന പരിധിയുൾപ്പെടെയുള്ള അർഹതാമാനദണ്ഡങ്ങളാണ് നിലനിൽക്കുന്നത് എന്നതിനാൽ അർഹതാ മാനദണ്ഡങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തൽ, തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരെ ഉചിതമെന്ന് തോന്നുന്നപക്ഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ സംരഭങ്ങളിൽ ഉപയോഗപ്രദമായ രീതിയിൽ പങ്കാളികളാക്കുന്നതിനുള്ള സാധ്യത തുടങ്ങിയ നിർദ്ദേശങ്ങൾ ഉചിതമാർഗ്ഗേന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരാവുന്നതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 സമഗ്ര നെൽകൃഷി വികസനം - കൂലി ചെലവ് സബ്സിഡി - പ്രൊജക്ടിൽ വകയിരുത്തിയ അനുപാതമനുസരിച്ച് ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമായില്ല

പ്രൊജക്ട് നമ്പർ - 8/ 19

അടങ്കൽ - 79,69,610

മേൽ പദ്ധതി പ്രകാരം കൂലി ചെലവ് സബ്സിഡിയിനത്തിൽ വകയിരുത്തി ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| വിവിധ ഫണ്ടുകൾ | വകയിരുത്തൽ | ചെലവ് |
|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം - 8500/ഹെക്ടർ | 3927110 | 3927110 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 3500/ഹെക്ടർ | 1617000 | 1007402 |
| ജില്ലാ പഞ്ചായത്ത് വിഹിതം - 5000/ഹെക്ടർ | 2310000 | 1429890 |

ഗ്രാമപഞ്ചായത്തിലെ 9 പാടശേഖര സമിതികളിലായി 462 ഹെക്ടർ കൃഷി സ്ഥലത്തിന് മേൽ പട്ടിക പ്രകാരമുള്ള വിഹിതങ്ങൾ വകയിരുത്തിയിട്ടുണ്ട്. പ്രൊജക്ടിൽ വകയിരുത്തിയ അനുപാതത്തിനനുസരിച്ച് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം തൻവർഷം ലഭ്യമായിട്ടില്ല. ആയതിനാൽ 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഹെക്ടറിന് അനുവദിക്കാവുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സബ്സിഡി കൃത്യമായ അനുപാതത്തിൽ കർഷകർക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ല.

ആകെ കൃഷി ഭൂമിയുടെ വിസ്തീർണ്ണം 792.59 ഹെക്ടർ എന്ന് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലും (കൃഷി അനുബന്ധ മേഖലകൾ) 2018-19 പദ്ധതി രൂപീകരണത്തിൽ 630 ഹെക്ടറിന് കൂലിച്ചെലവ് അനുവദിക്കേണ്ടതാണെന്ന നിർദ്ദേശം ഉയർന്ന് വന്നിട്ടുണ്ട്. 2019-20 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം 969 ഹെക്ടറാണ്. എന്നാൽ കൃഷി ഭൂമിയുടെ വിസ്തീർണ്ണത്തിനനുസൃതമായുള്ള വിഹിതങ്ങൾ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. കൃഷി ഭൂമിയുടെ വിസ്തീർണ്ണത്തിനനുസൃതമായുള്ള വിഹിതങ്ങൾ പ്രൊജക്ടിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം 79/17 ത.സ്വ.ഭ.വ 03.04.17 പ്രകാരം കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിനു മുൻപ് സംയുക്ത പ്രൊജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവസമാഹരണം ഉറപ്പിക്കുവാൻ സ്ഥാപന മേധാവികളുടെ സംയുക്ത യോഗം നിർബന്ധമായും ചേരേണ്ടതാണ്. സംയുക്ത പ്രൊജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ച് പ്രൊജക്ടിൽ വകയിരുത്തുന്നത് പ്രകാരമുള്ള വിഭവസമാഹരണം ഉറപ്പാക്കുന്നതിന് ഉത്തരവാദപ്പെട്ടവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-23 കൃഷി ഭവനിലെ അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കേണ്ടതും തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കേണ്ടതുമാണ്

ഗ്രാമപഞ്ചായത്തിലെ ഭൂവിനിയോഗത്തിന്റെ അടിസ്ഥാനവിവരം കൃഷി ഭവനിൽ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷം വരെയുള്ള അടിസ്ഥാനവിവരങ്ങൾ മാത്രമാണ്

രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൃഷി, മണ്ണ്, ജലസംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാന വിവരങ്ങളുടെ അവസ്ഥാ വിശകലനം തയ്യാറാക്കിയിട്ടുണ്ട്. 2019-20 ലെ അവസ്ഥാ വിശകലനം പ്രകാരം ഗ്രാമപഞ്ചായത്തിലെ 2260 ഹെക്ടർ സ്ഥലം കൃഷി ഭൂമിയാണ്. ഇതിൽ കൃഷിയോഗ്യമായ നെൽവയൽ 1280 ഹെക്ടറും, കരഭൂമി 134 ഹെക്ടറുമാണ്. ആയതിൽ 969 ഹെക്ടറിൽ നെൽകൃഷിയും, 92 ഹെക്ടറിൽ മറ്റു വിളകളും കൃഷി ചെയ്യുന്നുണ്ട്. സ്ഥിതി വിവര കണക്കുകളനുസരിച്ച് 311 ഹെക്ടർ നെൽവയലും, 42 ഹെക്ടർ കരഭൂമിയും തരിശിട്ടിരിക്കുകയാണ്.

സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തിയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലെ ഖ.7.1.6(എ).11 പ്രകാരം തരിശുഭൂമിയിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും പരമാവധി ശ്രദ്ധ നൽകേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 15 മുതൽ 17 വരെയുള്ള വകുപ്പുകളിൽ തരിശു നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 7(1), 10 എന്നിവയിൽ നെൽകൃഷി ചെയ്യുന്നതും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

തരിശുഭൂമിയിൽ കൃഷി ഇറക്കുന്നതിനുള്ള നടപടികളൊന്നും 2018-19 വർഷത്തിൽ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടില്ല.

കൃഷി അനുബന്ധ മേഖലയിലെ 2019-20 ലെ അവസ്ഥാ വിശകലനം പരിശോധിച്ചതിൽ തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് അതാത് പാടശേഖരസമിതികളിൽ വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ച് സ്ഥലം ഉടമയുമായി അഞ്ച് വർഷത്തേക്ക് കരാറിലേർപ്പെട്ട് പാട്ടകൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പ്രായോഗികമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. അവസ്ഥാ രേഖയിലെ വിവരങ്ങൾക്കനുസൃതമായി കൃഷി ഭവനിലെ അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.02.2018 പ്രകാരം പുറപ്പെടുവിച്ച 13-ാം പദ്ധതി സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളിലെ തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യം നേടുന്നതിനായി മാതൃകാ കാർഷിക പ്രദർശനത്തോട്ടം, ഔഷധസസ്യത്തോട്ടം, നഴ്സറികൾ, വിത്തുല്പാദന കേന്ദ്രങ്ങൾ തുടങ്ങിയ സംരംഭങ്ങൾക്ക് കൃഷിഭൂമിയുടെ വിസ്തൃതിക്കനുസൃതമായി സബ്സിഡി അനുവദിക്കാവുന്നതും, തൽപരരായ കർഷക ഗ്രൂപ്പുകളും, ഭൂവുടമകളും തമ്മിൽ പഞ്ചായത്തിന്റെ സാന്നിധ്യത്തിൽ കരാറിലേർപ്പെടാവുന്നതുമാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റി മുൻകൈ എടുക്കേണ്ടതാണ്.

പഞ്ചായത്ത് തിരിച്ചറിഞ്ഞതും നിയമവും ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും കൃഷി അനുബന്ധ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 പെർഫോമൻസ് ഇൻസെന്റീവ്

# ഗ്രാന്റിനത്തിൽ ലഭ്യമായ 464760/-രൂപ വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കേണ്ടിയിരുന്ന ബി.പി.എൽ കുടുംബങ്ങളുടെ ശൗചാലയ അറ്റകുറ്റപണികൾ എന്ന പദ്ധതി (പ്രൊജക്ട് നം. - 194/18) നാളിതുവരെ നിർവ്വഹിച്ചിട്ടില്ല. മേൽ പദ്ധതിക്കായി പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ ലഭ്യമായ 464760/-രൂപ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ (നം - 65850) വിനിയോഗിക്കാതെ അവശേഷിക്കുന്നു. ആയതിന് നിർവ്വണോദ്യോഗസ്ഥ സമർപ്പിച്ച വിശദീകരണം ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാവാത്തതിനാലാണ് പദ്ധതി നടപ്പാക്കാതെയിരുന്നത് എന്നാണ്. (ഓഡിറ്റ് അന്വേഷണം നം.- 6/11.11.19)

സർക്കാർ ഉത്തരവ് (സാധാ) നം. 1951/2019/ത.സ്വ.ഭ.വ തീയതി 6/09/2019 പ്രകാരം ഗാർഹിക കക്കൂസ് നിർമ്മാണത്തിനുള്ള 15400/-രൂപയിൽ ലഭ്യമായ സ്വച്ഛ് ഭാരത് മിഷൻ ഫണ്ടിൽ നിന്നും കേന്ദ്ര – സംസ്ഥാന സർക്കാർ വിഹിതമായ 12000/-രൂപ (7200 + 4800) അനുവദിക്കാവുന്നതാണ്. ബാക്കി ഗുണഭോക്തൃ വിഹിതമായ 3400/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ലഭ്യമാകുവാൻ കാലതാമസം ഉണ്ടാവുകയാണെങ്കിൽ ലഭ്യമായ പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ നിന്നും കേന്ദ്ര – സംസ്ഥാന സർക്കാർ വിഹിതമായ 12000/-രൂപ (7200 + 4800) അനുവദിക്കാവുന്നതാണ്.

പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിനത്തിൽ ലഭ്യമായ 464760/-രൂപ സമയബന്ധിതമായി വിനിയോഗിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 ലൈഫ് ഭവന നിർമ്മാണ സാമഗ്രികളുടെ വനിതാ നിർമ്മാണ യൂണിറ്റ് - ബ്ലോക്ക് വിഹിതമിനത്തിൽ ലഭ്യമായ 600000/- രൂപ വിനിയോഗിക്കേണ്ടതാണ്

പ്രൊജക്ട് നം. - 187/19- വനിതാ ഗ്രൂപ്പ് സംരംഭം

നിർവ്വഹണം - അസി.സെക്രട്ടറി

അടങ്കൽ - 600000 (ബ്ലോക്ക് വിഹിതം)

- 10000 (തനത് ഫണ്ട്)

നിർവ്വഹണം - അസി.സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന നിർമ്മാണ സാമഗ്രികളുടെ വനിതാ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 600000/-രൂപ ധനസഹായം

03/2019ൽ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ യൂണിറ്റിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായാണ് ബ്ലോക്കിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്.

പദ്ധതി തുകയായ 600000/-രൂപ നവംബർ/2019 വരെയും ചെലവഴിക്കപ്പെടാതെ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ (STSB -A/c No -1553) അവശേഷിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 19/14.11.19) ആയത് സ്പിൽ ഓവറായി നടപ്പാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി സമർപ്പിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും സംയോജിപ്പിച്ച് നടപ്പാക്കുന്ന നിർമ്മാണ സാമഗ്രികളുടെ യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ)നം.137/18/ത.സ്വ.ഭ.വ തീയതി 24.09.2018 ലെ നിർദ്ദേശങ്ങളനുസരിച്ച് പദ്ധതിയുടെ നടത്തിപ്പ്, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് (സ്ത്രീകളുടെയും, കുട്ടികളുടെയും വികസനം) ഉറപ്പാക്കേണ്ടതും നിർവ്വഹണ പുരോഗതി മോണിട്ടർ ചെയ്യേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 മേൽപ്പുര റിപ്പയർ - അനർഹയായ ഗുണഭോക്താവിന് അനുവദിച്ച തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്

2018-19 വർഷത്തിൽ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ മേൽപ്പുര റിപ്പയർ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താവിന് നൽകിയ മുൻകൂർ 10000/-രൂപ തിരികെ ഈടാക്കുന്നതിന് 27.06.19 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനമായിട്ടുണ്ട്. (തീരുമാനം നം.- 25/25). മുൻകൂർ അനുവദിച്ചതിനു ശേഷം തുടർന്നുള്ള പരിശോധനയിൽ ടിയാരി പുതിയ വീടിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന വി.ഇ.ഒ യുടെ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് ആയത് തിരിച്ചു പിടിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്.

എ) പ്രൊജക്ട് നം.- 99/18 – ജനറൽ

യൂണിറ്റ് കോസ്റ്റ് - 20000

ഗുണഭോക്താവിന്റെ വിവരം - ദൈവാന, w/o കണ്ടമുത്തൻ, കുണ്ടുകാട് (വാർഡ് - 1)

നൽകിയ മുൻകൂർ - 10000 (ബിൽ നം - 29/25.02.19)

തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 മേൽപ്പുര റിപ്പയർ - മുൻകൂർ

# കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് - 162/18 – എസ്.സി

അടങ്കൽ - 1425000

ചെലവ് - 940000

യൂണിറ്റ് കോസ്റ്റ് - 25000

മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന രണ്ട് ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ വിവരം | നൽകിയ മുൻകൂർ | ബാക്കി |
|---|---|---|
| വാസു, s/o കൊലവൻ<br>കുത്തമ്പാക്ക് | 10000 (ബിൽ നം- 18/10.10.18) | 15000 |
| മുരുകൻ, s/o മരുതൻ<br>മടത്തനാറ | 10000 (ബിൽ നം- 25/28.01.18 | 15000 |

പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-15/14.11.19) വി.ഇ.ഒ സമർപ്പിച്ച മറുപടി പദ്ധതി പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ട് മേൽ ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട് എന്നാണ്.

പദ്ധതി പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 മേൽപ്പുര റിപ്പയർ (ജനറൽ, എസ്.സി) - പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചില്ല

നിർവ്വഹണം - വി.ഇ.ഒ

I. മേൽപ്പുര റിപ്പയർ (ജനറൽ, എസ്.സി) പദ്ധതികളുടെ സമഗ്ര ഗുണഭോക്തൃ ലിസ്റ്റ് 2016-17 ൽ തയ്യാറാക്കിയിട്ടുള്ളതാണ്. പ്രസ്തുത ലിസ്റ്റിൽ 13 വാർഡുകളിലായി 381 ജനറൽ ഗുണഭോക്താക്കൾ, 170 എസ്.സി ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിക്കായി 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം (ജനറൽ, എസ്.സി തിരിച്ച്) എന്നീ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | അടങ്കൽ | ചെലവ് | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ |
|---|---|---|---|

| | | | | | എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി | ജനറൽ | എസ്.സി | ജനറൽ | എസ്.സി |
| 2016-17 | 2030760 | 0 | 1160000 | 0 | 58 | 0 |
| 2017-18 | 1710000 | 3575000 | 685000 | 200000 | 24 | 20 |
| 2018-19 | 520000 + 275000 | 1425000 | 210000 + 225000 | 94000 | 11 | 28 |

2016-17 ൽ തയ്യാറാക്കിയ സമഗ്ര ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ എണ്ണത്തിനനുസരിച്ച് (അനർഹർ, മറ്റ് പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭ്യമായവർ) 2018-19 വർഷത്തിൽ ലിസ്റ്റ് പുതുക്കി നിർവ്വഹണോദ്യോഗസ്ഥക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വർഷം താഴെ പറയുന്ന എസ്.സി മേഖലയിലെ പ്രൊജക്ടുകൾ വി.ഇ.ഒ ക്ക് നിർവ്വഹണം നടത്തുവാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ |
|---|---|---|
| 101/18 | മേൽപ്പുര റിപ്പയർ-എസ്.സി | 643200 |
| 102/18 | മേൽപ്പുര റിപ്പയർ - മുൻവർഷ ഗുണഭോക്താക്കൾക്ക് തുക നൽകൽ - എസ്.സി | 421850 |

പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.-6/11.11.19) നിർവ്വഹണോദ്യോഗസ്ഥ താഴെ പറയും പ്രകാരമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

പ്രൊജക്ട് നം. 102 – നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായില്ല.

പ്രൊജക്ട് നം. 101 – 28.09.18 ലെ പഞ്ചായത്ത് തീരുമാനം 5/4 പ്രകാരം 2018-19 വർഷത്തേക്ക് 16 പേർ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കുകയുണ്ടായി. എന്നാൽ മുൻവർഷത്തെ ലിസ്റ്റിൽ ആനുകൂല്യം ലഭിക്കാത്തവർ ശേഷിച്ചിട്ടുള്ളതിനാൽ ഭരണസമിതി നൽകിയ പുതിയ ലിസ്റ്റിൽ നിന്നും നിർവ്വഹണം നടത്തിയില്ല.

2016-17 ലെ ജനറൽ ലിസ്റ്റിൽ നിന്ന് അനർഹരെ ഒഴിവാക്കി 4.10.19 ന മാത്രമാണ് നിർവ്വഹണോദ്യോഗസ്ഥയ്ക്ക് ലിസ്റ്റ് കൈമാറിയിട്ടുള്ളത്. 2019-20 വർഷം നടപ്പാക്കുന്നതിന് 112 എസ്.സി ഗുണഭോക്താക്കളുടെ പുതിയ ലിസ്റ്റും പ്രസ്തുത തീയതിയിൽ നൽകിയിട്ടുണ്ട്. 2016-17 ലെ എസ്.സി ലിസ്റ്റ് പ്രകാരം ധനസഹായം ലഭിക്കാത്ത 38 പേരുടെ ലിസ്റ്റ് 24.08.19 ലെ 2/2-ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്.

ഗുണഭോക്തൃ ലിസ്റ്റ് മാറ്റങ്ങൾക്കനുസൃതമായി യഥാസമയം പുതുക്കി നിർവ്വഹണോദ്യോഗസ്ഥർക്ക് കൈമാറാത്തതിനാൽ പദ്ധതി പൂർത്തീകരണം അനിയന്ത്രിതമായി നീളുന്നതിന് ഇടയാവുകയും ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതെ പോവുകയും ചെയ്തു. പദ്ധതി മോണിട്ടറിംഗിന്റെ അഭാവവും ശ്രദ്ധേയമാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. 2016-17 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ബാക്കിയുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതിനു ശേഷം മാത്രം പുതിയ ലിസ്റ്റിലുള്ളവരെ പരിഗണിക്കേണ്ടതാണ്.

2. ഗുണഭോക്തൃ ലിസ്റ്റ് മാറ്റങ്ങൾക്കനുസൃതമായി യഥാസമയം പുതുക്കി നിർവ്വഹണോദ്യോഗസ്ഥർക്ക് കൈമാറി പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതുമാണ്.

3. അർഹതാ മാനദണ്ഡങ്ങൾ കൃത്യമായി പരിശോധിച്ച് മാത്രം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

പദ്ധതികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-29 ലൈഫ് (ജനറൽ) - റീഫണ്ട് തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ - (54/19)-ജനറൽ

ലൈഫ് (ജനറൽ) പദ്ധതിയിൽ പ്രീത, w/o ഉണ്ണികൃഷ്ണൻ, ചമ്പക്കുളം എന്ന ഗുണഭോക്താവ് 40000/- രൂപ റീഫണ്ട് ചെയ്തത് നിർവ്വഹണോദ്യോഗസ്ഥയായ വി.ഇ.ഒ കൊല്ലങ്കോട് സബ് ട്രഷറിയിലുള്ള സംയുക്ത പദ്ധതികൾക്കായുള്ള അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. (ചലാൻ നം.- 11119/28.01.19). പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-30 ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി - നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനം

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.
2018-19 വർഷത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻവർഷം ഒരു പദ്ധതി ആവിഷ്കരിക്കുകയും 8 ഗുണഭോക്താക്കളിൽ എല്ലാ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 3 പേർ ഇ.എം.എസ് ഭവന പദ്ധതി പ്രകാരവും, 5 പേർ എം.എൻ ലക്ഷം വീട് പദ്ധതി പ്രകാരവും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരാണ്. പദ്ധതിക്കായി ആകെ 880000/-രൂപ ചെലവഴിച്ചു.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 95 ഉം എസ്.സി വിഭാഗത്തിൽ 10 ഗുണഭോക്താക്കളുമാണുള്ളത്. ആയതിൽ ആകെ 99 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.
ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, സംസ്ഥാനാവിഷ്കൃതം എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ .

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (54/19)-ജനറൽ

| ഫണ്ട് | അടങ്കൽ | 2018-19 വർഷത്തെ ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 2535000 | 2535000 |
| ബ്ലോക്ക് പഞ്ചായത്ത് | 929293 | 908000 |
| ജില്ലാ പഞ്ചായത്ത് | 832085 | 831720 |
| മറ്റിനം(വായ്പ) | 34903622 | 11485280 |
| ആകെ | 39200000 | 15760000 |

99 ഗുണഭോക്താക്കളിൽ 92 പേരാണ് കരാർ വെച്ചിട്ടുള്ളത്. 12 ഗുണഭോക്താക്കളാണ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നാളിതുവരെ വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു .

| ഗഡു | കൈപ്പറ്റിയവരുടെ വിവരം |
|---|---|
| 1 | 92 |
| 2 | 76 |
| 3 | 46 |
| 4 | 4 |

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (55/19)-എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 2104600 | 1140000 |
| ജില്ലാ പഞ്ചായത്ത് | 182403 | 0 |
| വായ്പ | 1712997 | 160000 |
| | [illegible] | [illegible] |

| | | |
|---|---|---|
| ആകെ | 4000000 | 1300000 |

10 ഗുണഭോക്താക്കളിൽ 7 പേരാണ് കരാർ വെച്ചിട്ടുള്ളത്. 3 ഗുണഭോക്താക്കളാണ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നാളിതുവരെ വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു .

| ഗഡു | കൈപ്പറ്റിയവരുടെ വിവരം |
|---|---|
| 1 | 7 |
| 2 | 5 |
| 3 | 4 |
| 4 | 4 |

<u>ഹഡ്കോയിൽ നിന്നുള്ള ലോൺ</u>

2018-19 ൽ 11645280/- രൂപ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട്നം - 38071264743 – സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വടവന്നൂർ) നിക്ഷേപിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ 9300000 രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ 400000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ഭവന നിധി രൂപീകരിച്ചിട്ടില്ല</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാനും, 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നാളിതുവരെ ഭവനനിധി രൂപീകരിച്ചിട്ടില്ല.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെയും ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്. ഗ്രാമപഞ്ചായത്തിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത പരിഗണിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-31 പി.എം.എ.വൈ പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പി.എം.എ.വൈ പദ്ധതി പ്രകാരം കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലേക്ക് വികസന ഫണ്ടിൽ നിന്ന് കൈമാറിയ തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ-15/14.11.19). പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|---|
| 52/18 | പി.എം.എ.വൈ - ജനറൽ | 300000 | 300000 | 3/13.06.18 |
| 53/18 | പി.എം.എ.വൈ - എസ്.സി.പി | 563050 | 563050 | 4/13.06.18 |

പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-32 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട – ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതു

# മൂലമുള്ള അധികച്ചെലവ് 7508/- രൂപ അംഗീകരിക്കുന്നില്ല

പ്രൊജക്ട് നം. - 117/19

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 140000 (എസ്.സി.പി)

ചെലവ് - 54988 – ബിൽ നം. - 7/21.03.19

സാമ്പത്തിക വർഷത്തിൽ 2 പട്ടികജാതി ഗുണഭോക്താക്കൾക്ക് പെട്ടിക്കട നൽകുന്നതിനാണ് മേൽ സ്പിൽ ഓവർ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത ആവശ്യത്തിനുള്ള പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. പദ്ധതിക്കായി 11.10.17 ന് ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരമുള്ള സ്പെസിഫിക്കേഷനുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

ഉയരം - 6 അടി, സ്ക്വയർ - 4 X 4, ഗേജ് - 18 MS sheet, പൈപ്പ് - 1 inch, ആംഗിൾ - 1 inch, ഡോർ - 3 എണ്ണം

ടെണ്ടർ സമർപ്പിച്ച 3 സ്ഥാപനങ്ങളിൽ നിന്ന് ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച Zam Zam Industries, കിഴക്കഞ്ചേരിക്കാവ്, പാലക്കാടിന്റെ സ്പെസിഫിക്കേഷൻസ് താഴെ പറയും പ്രകാരമാണ്.

| സ്പെസിഫിക്കേഷൻസ് | നിരക്ക് |
|---|---|
| സ്പെസിഫിക്കേഷൻ -1<br>ഉയരം - 6.5 അടി മുൻഭാഗം, 6 അടി പിൻഭാഗം<br>സ്ക്വയർ - 4.5 X 4.5<br>ഗേജ് - 18 MS sheet<br>പൈപ്പ് - 1.5 – 0.75 inch<br>ആംഗിൾ - 1.25 inch<br>ഡോർ - 3 എണ്ണം<br>2 coat paint | 27499 |
| സ്പെസിഫിക്കേഷൻ -2<br>ഉയരം - 6 അടി<br>സ്ക്വയർ - 4 X 4<br>ഗേജ് - 18 MS sheet<br>ആംഗിൾ - 1.25inch<br>ഡോർ - 3 എണ്ണം | 21888 |

| | | |
|---|---|---|
| 2 coat paint | | |

രണ്ടാമത്തെ കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെണ്ടർ സമർപ്പിച്ച അരുൺ ഇൻഡസ്ട്രീസ്, കുന്നംകാട്, കണ്ണമ്പ്രയുടെ നിരക്ക് - 23740 (specifications – as per panchayat specifications എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.)

2. പർച്ചേസ് കമ്മിറ്റി തീരുമാനം (1/19.01.18) പ്രകാരം ഗുണനിലവാരം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ Zam Zam Industries ന്റെ സ്പെസിഫിക്കേഷൻ -1 പ്രകാരമുള്ള ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ആയത് പഞ്ചായത്ത് ഭരണസമിതി 29.01.18 ലെ തീരുമാനം നം - 8(1) പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ സ്പെസിഫിക്കേഷൻ-2, രണ്ടാമത്തെ കുറവ് ടെണ്ടർ സമർപ്പിച്ച അരുൺ ഇൻഡസ്ട്രീസ് എന്നീ സ്പെസിഫിക്കേഷൻസ് സ്വീകരിക്കാതിരുന്നതിന്റെ കാരണം പർച്ചേസ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

3. Zam Zam Industries ന്റെ സ്പെസിഫിക്കേഷൻ - 1, 2 എന്നിവ പഞ്ചായത്തിന്റെ നിർദ്ദിഷ്ട സ്പെസിഫിക്കേഷൻസിൽ നിന്ന് വ്യത്യസ്തമാണ്. സ്പെസിഫിക്കേഷനിൽ അല്ലാത്ത ടെണ്ടർ നിരസിക്കേണ്ടതാണെന്ന സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധന പ്രകാരം പ്രസ്തുത ടെണ്ടറുകൾ നിരസിച്ച് റീ ടെണ്ടർ അവലംബിച്ചിട്ടില്ല.

4. പദ്ധതിക്ക് അനിവാര്യമായ സാമ്പിൾ പരിശോധന ടെണ്ടർ പരസ്യത്തിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനക്കു പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതാണ്.

5. പർച്ചേസ് കമ്മിറ്റി ഗുണനിലവാര നിർണ്ണയം നടത്തിയതിന്റെ ആധികാരിക റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ പരസ്യത്തിലെ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുകൾക്കനുസൃതമായി രണ്ടാമത്തെ കുറവ് ടെണ്ടർ സമർപ്പിച്ച അരുൺ ഇൻഡസ്ട്രീസ്, കുന്നംകാട്, കണ്ണമ്പ്രയുടെ ടെണ്ടർ സ്വീകരിക്കാതിരുന്നതു മൂലം പർച്ചേസിൽ താഴെ പറയും പ്രകാരമുള്ള നഷ്ടമുണ്ടായിട്ടുണ്ട്.

അരുൺ ഇൻഡസ്ട്രീസിന്റെ നിരക്ക് പ്രകാരം - 23740 x 2 = 47480

അനുവദിച്ച നിരക്ക് - 27494 x 2 = 54988

അധികച്ചെലവ് - 54988 – 47480 = 7508/-

ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമായി നിർദ്ദിഷ്ട ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്ന് വ്യത്യാസമുള്ള ടെണ്ടറുകൾ സ്വീകരിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.-4/11.11.19) നിർവ്വഹണോദ്യോഗസ്ഥ താഴെ പറയും പ്രകാരമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ അസി.സെക്രട്ടറിയായി 12.04.2018 ലാണ് ചുമതല എറ്റെടുത്തിട്ടുള്ളത്. മേൽ പദ്ധതിക്കായി 2017-18 ൽ തന്നെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 29.01.2018 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 8(1) അനുസരിച്ച് Zam Zam Industries എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് വർക്ക് ഓർഡർ നൽകിയത്.

ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം, പർച്ചേസ് കമ്മിറ്റി തീരുമാനം എന്നിവ പരിശോധിക്കാതെ തുക നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികച്ചെലവായ 7508/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയുടെ ബാധ്യതയായി

നിശ്ചയിക്കുന്നു.

നഷ്ടമായ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-33 ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം 15,12604/-രൂപ വിനിയോഗിക്കപ്പെടാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു

ഐ.സി.ഡി.എസ് കേന്ദ്ര വിഹിതമിനത്തിൽ 31.03.2019 ലെ നീക്കിയിരുപ്പ് പ്രകാരം 15,12604/-രൂപ വിനിയോഗിക്കപ്പെടാതെ തനത്ഫണ്ടിൽ അവശേഷിക്കുന്നു.(STSB, അക്കൗണ്ട് നം -799011400001553) ഇതിൽ 11,41729/-രൂപ മുൻ വർഷങ്ങളിൽ ലഭ്യമായിട്ടുള്ളതാണ്.

സർക്കുലർ നം. 39033/ ഡി.സി2/2010 ത.സ്വ.ഭ.വ 3.09.2010 പ്രകാരം പൂരക പോഷകാഹാര പദ്ധതിക്കായി(എസ്.എൻ.പി) ലഭ്യമാവുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, ഇതര ഭൗതിക സാഹചര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. 13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) സ.ഉ (കൈ)നം.11/18/ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അങ്കണവാടികൾക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ നിർബന്ധിത പ്രൊജക്ടുകളാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് പഞ്ചായത്തിൽ ആകെ 17 അങ്കണവാടികളുള്ളതിൽ താഴെ പറയുന്നവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. മേൽ സർക്കുലർ അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

| അങ്കണവാടി നമ്പർ | സ്ഥലം | ഒരുക്കേണ്ട സാഹചര്യങ്ങൾ |
|---|---|---|
| 89, 96, 97 | വൈദ്യശാല, തങ്കയം, പുല്ലുവായ്ക്കുളമ്പ് | കെട്ടിടം. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. |
| 86, 89, 92, 93, 95,97,100 | പൊക്കുന്നി, വൈദ്യശാല, കുത്തമ്പാക്ക്, ആലമ്പള്ളം, മുല്ലയ്ക്കൽക്കുളമ്പ്, ആലങ്കോടി | ചുറ്റുമതിൽ |

തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-34 അഗതി രഹിത കേരളം പദ്ധതി - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്

വടവന്നൂർ ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ 9.03.2019 തീയതിയിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇത് പ്രകാരം വിവിധ ഘടകങ്ങൾ ആവശ്യമുള്ള അഗതി കുടുംബങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വീട് ആവശ്യമുള്ളവർ | 39 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 13 |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 28 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | - |
| 5 | കക്കൂസ് ആവശ്യമുള്ളവർ | 8 |
| 6 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | - |

പദ്ധതിക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വടവന്നൂർ ശാഖയിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (നം. - 38550639946)

വടവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ കുടുംബശ്രീ-ആശ്രയ അക്കൗണ്ട് (നം.7037) ക്ലോസ് ചെയ്ത് പ്രസ്തുത അക്കൗണ്ടിലെ 2017-18 സാമ്പത്തിക വർഷത്തിലെ നീക്കിയിരിപ്പായ 234871 രൂപ അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുകയിൽ 113037 രൂപ ആശ്രയയുടെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 2006-07 വർഷം മുതൽ പ്ലാൻ വിഹിതമായി നൽകിയിട്ടുള്ളതാണ്. തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തുക നൽകിയ ഇനം | തുക |
|---|---:|
| തൊഴിൽ | 60000 |
| സാനിറ്റേഷൻ | 6000 |
| വസ്ത്രം | 8477 |
| പെൻഷൻ | 38560 |
| ആകെ | 113037 |

നിലവിൽ പ്രസ്തുത അക്കൗണ്ടിൽ ചലഞ്ച് ഫണ്ട് ഉൾപ്പെടെ 1337918/-രൂപ നീക്കിയിരുപ്പുണ്ട്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.- 5/11.11.19) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി പ്രകാരം സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതിയായ അഗതി രഹിത കേരളത്തിന്റെ സർവ്വെ പൂർത്തീകരിച്ചതിൽ 160 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായുണ്ട്. നിലവിൽ ഭക്ഷ്യധാന്യ വിതരണ പദ്ധതിക്ക് മാത്രമാണ് തുക വിനിയോഗിക്കുന്നത്. അഗതി രഹിത കേരളത്തിലെ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) സ.ഉ (കൈ)നം.11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു മോണിട്ടറിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ പദ്ധതി പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഘടകങ്ങൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. ആശ്രയ നിർബന്ധിത പ്രൊജക്റ്റാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ

അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-35 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യാതിരുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചില്ല

പ്രൊ.നം. 80/19-നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ - 210565 (എം.ജി-നോൺ റോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

27-11-2018 ലെ ടെണ്ടർ പരസ്യം അനുസരിച്ച് സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിസ്ഡൻ ഇൻഫോവേ, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 5-3-2019 ന് അറിയിപ്പ് നൽകുകയും ചെയ്തു. 4 പ്രിന്ററുകളും 3 പ്രിന്റുകളും സപ്ലൈ ചെയ്യുവാനാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥാപനം എഗ്രിമെന്റ് വെക്കുകയോ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുകയോ ചെയ്തിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടില്ലെന്ന് കണ്ടെത്തി. സ്ഥാപനം രസീതി നം. 118010103173/6-12-18 പ്രകാരം 6250 രൂപയുടെ ഇ.എം.ഡി ഒടുക്കിയിട്ടുണ്ട്. ടെണ്ടറിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ. 8.15 പ്രകാരം ഇ.എം.ഡി മുതൽ കൂട്ടേണ്ടതായിരുന്നു. ആയത് ചെയ്യാതെ 11-10-2019 തിയതിയിൽ സ്ഥാപനത്തിന് ഓർമ്മക്കുറിപ്പ് അയച്ചതായും ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിന്റെ ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ cprcs മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ജി.ഒ(പി)നം.259/2010/LSGD തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ എന്നിവ പാലിച്ച് സമയബന്ധിതമായി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയം 16-11-2019 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-36 എം.ജി.ആർ കമ്യൂണിറ്റി ഹാളിൽ സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

പ്രൊ.നം. 112/19-എം.ജി.ആർ കമ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ (ബഹുവർഷ പ്രോജക്ട്)

അടങ്കൽ - 1829520 (സി.എഫ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

28-9-2018 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി ലഭിക്കുകയും നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് എഗ്രിമെന്റ് ഒപ്പു വെച്ചിട്ടുണ്ട്.

നം. 1428/2018-19 തിയതി 4-2-2019. എഗ്രിമെന്റ് പ്രകാരം 4 ഘട്ടങ്ങളിലായി തുക അനുവദിക്കേണ്ടതാണ്.

അടുക്കളയിൽ നിന്നുള്ള പുക ഒഴിവാക്കുന്നതിനുള്ള കിച്ചൺ ട്രോബ്, ഇൻസിനറേറ്റർ എന്നീ ഘടകങ്ങളാണ് പ്രധാനമായും പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കിച്ചൺ ട്രോബിന് 12.60 ലക്ഷം രൂപയും ഇൻസിനറേറ്ററിന് 4.5 ലക്ഷം രൂപയുമാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്.

2018-19 വർഷത്തെ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

എഗ്രിമെന്റ് അനുസരിച്ച് ആദ്യ ഗഡുവായ 342300 രൂപ കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്. ബിൽ നം. 13/8-3-2019
പ്രവൃത്തി അവസാന ഘട്ടത്തിലാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.
മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഇടപെടലും വിവിധ കേസുകളും ഉണ്ടായ സാഹചര്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-37 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്.ഇ.ബി | 185/19-അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ | 40/24-11-18 | 29772 |
| | 174-19-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 32/11-10-18 | 80000 |
| | 182/18-വി.പി തറ ആലംപള്ള വാട്ടയാർ പോസ്റ്റ് മാറ്റൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 6/29-12-18 | 69974 |
| ജല അതോറിറ്റി | 178/19-അങ്കണവാടി കൾക്ക് കുടിവെള്ള കണക്ഷൻ | 30/15-10-2018 | 39000 |

മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 16/14-11-19)

# 1-38 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയറുടെ 94 പ്രവൃത്തികളിൽ 58 എണ്ണം തൻവർഷം പൂർത്തീകരിക്കുകയോ, ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. വകയിരുത്തിയ 3.11 കോടി രൂപയിൽ 1.78 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 57% മാത്രമാണ് ചെലവ്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

എ. പ്രോജക്റ്റുകളുടെ ആധിക്യം പദ്ധതി പ്രവർത്തനത്തെ ബാധിക്കുന്നു

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 94 മരാമത്ത് പ്രവൃത്തികളിൽ 34 എണ്ണവും (36%) സ്പിൽഓവർ പ്രോജക്റ്റുകളാണ്.

ബി. കരാറുകാർ അപേക്ഷ സൂക്ഷിച്ചിട്ടില്ല

വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായുള്ള കരാറുകാരുടെ അപേക്ഷ അതാത് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കു മുമ്പ് കരാറുകാർ അപേക്ഷ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

സി. അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട്, തീരുമാനം

കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരുടെ അപേക്ഷയിന്മേലുള്ള അസി. എഞ്ചിനിയറുടെ വിശദമായ റിപ്പോർട്ടും അനുമതി നൽകിയതിന്റെ രേഖകളും കൃത്യമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഡി. പിഴ ഈടാക്കുന്നതിൽ അപാകത

കരാറുകാരുടെ അപേക്ഷ ഇല്ലാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയ ഏതാനും പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് മാന്വൽ പ്രകാരം നിശ്ചയിച്ച തുകയേക്കാൾ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഏതാനും പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുമില്ല.

PWD മാന്വൽ പ്രകാരം ആദ്യ ഘട്ടത്തിൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകുമ്പോൾ യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്. എന്നാൽ ആദ്യ ഘട്ടത്തിൽ തന്നെ ഇക്കാര്യം പരിഗണിക്കാതെയാണ് കാലാവാധി ദീർഘിപ്പിച്ചു നൽകുന്നത്. ആദ്യ ഘട്ടത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ ഒരു തവണ കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഈ ഘട്ടത്തിലും യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്. കരാറുകാരുടെ കാരണം കൊണ്ടാണ് കാലാവധി ദീർഘിപ്പിക്കുന്നതെങ്കിൽ ആദ്യ ഘട്ടത്തിൽ PAC യുടെ 1%, രണ്ടാം ഘട്ടത്തിൽ 2% എന്നിങ്ങനെ പിഴ ഈടാക്കേണ്ടതാണ് എന്ന നിബന്ധന കണക്കിലെടുക്കാതെ ആദ്യ തവണ തന്നെ 25% ൽ കൂടുതൽ കാലയളവ് അനുവദിച്ചതിനാൽ രണ്ടാം ഘട്ടത്തിൽ ലഭിക്കുമായിരുന്ന 2% പിഴ ഒഴിവാക്കപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. കരാറുകാർക്ക് ഇപ്രകാരമുള്ള ഇളവുകൾ ലഭിച്ചതിനാൽ പ്രവൃത്തി പൂർത്തീകരണം വൈകിപ്പിക്കുന്നതിനുള്ള പ്രവണത സൃഷ്ടിക്കുവാനിടയാക്കിയിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

ഇ. രേഖകളുടെ സൂക്ഷിപ്പ്

എഗ്രിമെന്റ് വ്യവസ്ഥകളിൽ പലതും കാലഹരണപ്പെട്ടിട്ടും ആയത് പുതുക്കിയിട്ടില്ല.

പല ഫയലുകളിലും പ്രോജക്റ്റുകളും സാങ്കേതികാനുമതി രേഖകളും സൂക്ഷിക്കുന്നില്ല.

മെയ്ന്റനൻസ് പ്ലാൻ, റോഡ് കണക്റ്റിവിറ്റി മാപ്പ് മുതലായ രേഖകളും സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

2. പദ്ധതികളുടെ ആസൂത്രണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന അടിസ്ഥാന രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-39 ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ബാരലുകളുടെ വില ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ടാറിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ തുക ഈടാക്കുവാൻ വിട്ടുപോയതായി കണ്ടെത്തി.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (with packed bitumin rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല.

| ക്രമ നം. | പ്രവൃത്തി | ബിൽ നം., തുക/ അളവുപുസ്തകം | ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | 127/19-<br>പിലാപ്പുള്ളി റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ -824000<br>എഗ്രിമെന്റ് നം. 55/22-11-2017<br>കരാറുകാരൻ-<br>ശ്രീ.നാരായണൻ.വി | 20/13-8-2018-821462 രൂപ<br>103&120/17-18, | SS1 emulsion-558.195<br>VG 30- 1385.63<br>(MB P.15)<br>ബാരലിന്റെ വില - 3454 | 3<br>8<br>11 |
| 2 | 139/19-<br>കന്യാട് റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ - 391000<br>എഗ്രിമെന്റ് നം. 20/10-11-2017<br>കരാറുകാരൻ-<br>ശ്രീ.രമേഷ്.കെ | 17/8-8-2018-382596 രൂപ<br>120/17-18, | SS1 emulsion-379.22<br>VG 30-<br>941.37<br>(MB P.28)<br>ബാരലിന്റെ വില - 2512 | 2<br>6<br>8 |

ബില്ലുകൾ തയ്യാറാക്കുന്നതിൽ എഞ്ചിനിയറിംഗ് വിഭാഗം കുറേക്കൂടി ജാഗ്രത പുലർത്തിയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

ആയതിനാൽ പ്രവൃത്തികൾക്കായി ഉപയോഗിച്ച 19 ബാരലുകളുടെ വില 5966 രൂപ ബാരലിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള (9/11-11-19) മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-40 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാനവൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള പി.ഡബ്ള്യ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. അപ്രകാരമുള്ള അപേക്ഷകൾ ഫയലിൽ സൂക്ഷിക്കാതെയാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

മാന്വൽ പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ |

| | |
|---|---|
| | കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. കരാറുകാരുടെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 150/18 -കിണറ്റേറി പാടം പുല്ലുവായിൽ കുളമ്പ് കുടിവെള്ള പദ്ധതി<br><br>അടങ്കൽ - 260000<br><br>PAC-260000<br><br>കരാറുകാരൻ - ശ്രീ.കലാധരൻ.വി<br><br>എഗ്രിമെന്റ് നം.:17/10-11-2017<br><br>അളവു പുസ്തകം - 83/17-18<br><br>ചെലവ് - 260000<br><br>(ബിൽ നം.66/28-3-19 - 136562 ) | 31-3-2018 | 21-3-2019 | 0 | 7800<br><br>(3%) | 7800 |
| 2 | 153/18 -ഊട്ടറ ബസ് വെയ്റ്റിംഗ് ഷെഡ് നവീകരണം<br><br>അടങ്കൽ - 325000<br><br>PAC-325000<br><br>കരാറുകാരൻ - ശ്രീ.എ.വേലായുധൻ<br><br>എഗ്രിമെന്റ് നം.:50/17-11-2017<br><br>അളവു പുസ്തകം - 109/17-18<br><br>ചെലവ് - 324821 | 31-3-2018 | 5-6-2018 | 0 | 9750<br><br>(3%) | 9750 |

| | | | | | | |
|---|---|---|---|---|---|---|
| | (ബിൽ നം.29/29-12-18) | | | | | |
| 3 | 149/19 -വൈദ്യശാല റോഡ് മെറ്റലിംഗ് -ടാറിംഗ്<br>അടങ്കൽ - 425000<br>PAC-425000<br>കരാറുകാരൻ - ശ്രീ.രാധാകൃഷ്ണൻ.കെ.എം<br>എഗ്രിമെന്റ് നം.:60/23-3-2018<br>അളവ് പുസ്തകം - 47/18-19<br>ചെലവ് - 425000<br>(ബിൽ നം.36/30-1-19) | 22-9-2018 | 4-1-2019 | 4250 | 12750<br>(3%) | 8500 |
| 4 | 146/19 -കാരാപറമ്പ് മെറ്റലിംഗ്<br>അടങ്കൽ - 410000<br>PAC-410000<br>കരാറുകാരൻ - ശ്രീ.രാധാകൃഷ്ണൻ.കെ.എം<br>എഗ്രിമെന്റ് നം.:59/23-3-2018<br>അളവ് പുസ്തകം - 30/18-19<br>ചെലവ് - 401000<br>(ബിൽ നം.38/30-1-19) | 22-9-2018 | 4-1-2019 | 4010 | 12030<br>(3%) | 8020 |

ഓഡിറ്റ് അന്വേഷണം നം. 9/11-11-2019 നുള്ള മറുപടിയിൽ ഈടാക്കുവാൻ വിട്ടുപോയ പിഴ കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-41 ടാറിംഗ് പ്രവൃത്തികളിൽ ഷ്രേഡഡ്

# പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നി വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ 2018-19 ൽ 29 റോഡ് ടാറിംഗ് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ആയതിൽ 4 പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ആകെ 727.5 കി.ഗ്രാം ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ട്. 14% പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ട്.

പരമാവധി ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-42 തൊഴിലുറപ്പു പദ്ധതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം.

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ MGNREGS മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം താഴെ ചേർക്കുന്നു.

ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 സാമ്പത്തികവർഷത്തിൽ 100 പേർക്ക് പുതുതായി തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. ആകെ 2374 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്കുതന്നെ തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തികവർഷം ആകെ 98743 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ആയതിന് തൊഴിലാളികളുടെ കൂലി ഇനത്തിൽ 26849642 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയ്ക്കു മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. മെറ്റീരിയൽ ഇനത്തിൽ തൻവർഷം തുക ചെലവഴിച്ചിട്ടില്ല. ജീവനക്കാർക്കുള്ള ശമ്പളവും മറ്റുമായി 803961 രൂപയുമടക്കം തൻവർഷത്തെ ആകെ ചെലവ് 27653603 രൂപയാണ്. ഷെൽ ഓഫ് പ്രൊജക്ട് പ്രകാരം സാമ്പത്തികവർഷത്തിൽ 269 പ്രൊജക്ടുകളിലായി 28340806 രൂപ വകയിരുത്തിയതിൽ 176 പ്രവൃത്തികളിലായി 26849642 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ 228 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമാക്കിയിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ തരം | എണ്ണം |
|---|---|
| ഡ്രൈനേജ് | 0 |
| തോടുകൾ | 12 |
| കിണർ | 0 |
| കനാൽ | 138 |
| തടയണ | 0 |
| ഭൂവികസനം | 26 |
| ആകെ | 176 |

മേൽ പ്രവർത്തികൾക്ക് പുറമേ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് 100 ഭവന നിർമ്മാണ പ്രവർത്തികളിലും സഹകരിച്ചിട്ടുണ്ട്.

വടവന്നൂർ പോലെയുള്ള ഗ്രാമപ്രദേശങ്ങളുടെ സമഗ്ര വികസനത്തിന് സഹായകരമാകുംവിധം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതാണ്. പ്രകൃതി വിഭവപരിപാലനത്തിനും, ആസ്തിവികസനത്തിനും, ദരിദ്രകുടുംബങ്ങളുടെ വരുമാന വർദ്ധനവിനും, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും സാധിക്കുന്ന വിധത്തിൽ ആസൂത്രണ ഘട്ടം മുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

1. കാർഷിക പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. തൊടികളിലും പൊതുസ്ഥലങ്ങളിലും മഴവെള്ളം ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നതിന് മഴക്കുഴികളും, കിണർ റീചാർജിംഗും സമാനമായ നിർമ്മിതികളും ഒരുക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

3. പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവത്ക്കരണ പ്രവൃത്തികൾ എന്നിവ സാധ്യതയ്ക്ക് അനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താവുന്നതാണ്.

4. വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടതല ചർച്ച, കൂടൽ എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി ആവശ്യകതയ്ക്ക് അനുസൃതമായി എല്ലാ വിഭാഗങ്ങളിലുള്ള പ്രവൃത്തികളും ഏറ്റെടുക്കേണ്ടതാണ്.

5. തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും, കാലോചിതമായി പ്രവൃത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നവരുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 വസ്തുനികുതി- ഡാറ്റാ പ്യൂരിഫിക്കേഷനു ശേഷവും ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു- തൻവർഷത്തെ നഷ്ടം 37317 രൂപ

2018-19 സാമ്പത്തിക വർഷത്തിൽ സഞ്ചയയിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതും സെക്രട്ടറി ഡിജിറ്റലി സാക്ഷ്യപ്പെടുത്തി അന്തിമമാക്കിയതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചപ്പോൾ, പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ 100% ശതമാനം പൂർത്തീകരിച്ചിട്ടും വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് ഗണ്യമായ നഷ്ടം സംഭവിക്കുന്നുണ്ടെന്ന് വിലയിരുത്തുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6 പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിക്കാത്തതിനാൽ വസ്തു നികുതി നഷ്ടം</u>

100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയത് ക്രമീകരിച്ചിട്ടില്ല. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 40 രൂപയും, 100 ച.മീറ്ററിനു മുകളിൽ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക്

ച.മീറ്ററിന് 60രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം വസ്തു നികുതി നിർണയിച്ചതിനാൽ ഉണ്ടായ നഷ്ടം താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം., കെട്ടിട ഉടമസ്ഥൻ | തറ വിസ്തീർണം (ച.മീ) | സാക്ഷ്യപ്പെടുത്തിയ തിയതി | ഉപയോഗ തരം തെറ്റായി രേഖപ്പെടുത്തി നിർണയിച്ച വസ്തു നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തു നികുതി | കുറവ് (രൂ.) |
|---|---|---|---|---|---|---|
| 1 | 10/110<br>ശോഭ | 200 | 27.10.18 | അടിസ്ഥാന<br>വസ്തുനികുതി-<br>200*40<br>=8000<br><br>ഇളവ് - 40%<br>(മേഘല-10%,<br>മേൽക്കൂര-10%,<br>കാലപ്പഴക്കം-<br>20%)<br>=3200<br>വസ്തുനികുതി<br>-4800 | അടിസ്ഥാന<br>വസ്തു<br>നികുതി-<br>200*60<br>=12000<br>ഇളവ് - 40%<br>(മേഖല-<br>10%,<br>മേൽക്കൂര-<br>10%,<br>കാല<br>പ്പഴക്കം<br>-20%)<br>=4800<br>വസ്തു<br>നികുതി -7200 | 2400 |
| 2 | 11/4<br>മൻസൂറലി | 123 | 16.11.18 | അടിസ്ഥാന<br>വസ്തുനികുതി-<br>123*40<br>=4920<br>ഇളവ് - 10%<br>(മേഘല-10%,)<br>=492<br>വസ്തുനികുതി<br>-4428 | അടി<br>സ്ഥാന<br>വസ്തു<br>നികുതി-<br>123*60<br>=7380<br>ഇളവ് -<br>10%<br>(മേഖല<br>-10%,)<br>=738<br>വസ്തു<br>നികുതി -6642 | 2214 |
| 3 | 1/359<br>രാമചന്ദ്രൻ.<br>പി.എം | 150 | 22.11.18 | അടിസ്ഥാന<br>വസ്തുനികുതി-<br>150*40<br>=6000<br><br>ഇളവ് - 60%<br>(മേൽക്കൂര<br>-10%,<br>കാലപ്പഴക്കം<br>-50%)<br>=3600<br>വർദ്ധനവ്<br>- 20% | അടിസ്ഥാന<br>വസ്തു<br>നികുതി-<br>150*60<br>=9000<br><br>ഇളവ് - 60%<br>(മേൽക്കൂര<br>-10%,<br>കാല<br>പ്പഴക്കം<br>-50%)<br>=5400 | 1800 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (വഴി<br>സൗകര്യം)<br>= 1200<br>വസ്തുനികുതി -<br>3600 | വർദ്ധനവ്<br>- 20%<br>(വഴി<br>സൗകര്യം)<br>= 1800<br>വസ്തു<br>നികുതി - 5400 | |
| 4 | 2/112<br>കെ.എസ്.<br>ഹരിദാസ് | 325 | 04.12.18 | അടിസ്ഥാന<br>വസ്തുനികുതി-<br>325*40<br>=13000<br><br>ഇളവ് - 20%<br>(കാലപ്പഴക്കം)<br>=2600<br>വർദ്ധനവ് - 20%<br>(വഴിസൗര്യം)=<br>2600<br>വസ്തുനികുതി -<br>13000 | അടിസ്ഥാന<br>വസ്തു<br>നികുതി-<br>325*60<br>=19500<br>ഇളവ് - 20%<br>(കാല<br>പ്പഴക്കം)<br>=3900<br>വർദ്ധനവ് - 20%<br>(വഴി<br>സൗര്യം)<br>=3900<br><br>വസ്തു<br>നികുതി - 19500 | 6500 |
| 5 | 1/468<br>പി.എം.<br>രാമചന്ദ്രൻ | 109.2 | 13.12.18 | അടിസ്ഥാന<br>വസ്തുനികുതി-<br>109.2*40<br>=4368<br>ഇളവ് - 10%<br>(കാലപ്പഴക്കം)<br>=436.8<br>വർദ്ധനവ് - 20%<br>(വഴിസൗകര്യം<br>) =873.6<br>വസ്തുനികുതി -<br>4804 | അടിസ്ഥാന<br>വസ്തു<br>നികുതി-<br>109.2*60<br>=6552<br><br>ഇളവ് - 10%<br>(കാല<br>പ്പഴക്കം)<br>=655.2<br>വർദ്ധനവ്<br>- 20%<br>(വഴി<br>സൗകര്യം)<br>=1310.4<br>വസ്തു<br>നികുതി - 7207 | 2403 |
| 6 | 2/114<br>കെ.എസ്.<br>പരശുറാം | 1100 | 20.12.18 | അടിസ്ഥാന<br>വസ്തുനികുതി-<br>1100*40<br>=44000<br><br>ഇളവ് - 20%<br>(മേൽക്കൂര<br>-10%,<br>കാലപ്പഴക്കം<br>-10%)<br>=8800<br>വർദ്ധനവ് - 20%<br>(വഴിസൗര്യം)<br>=8800 | ഇളവ് - 20%<br>(മേൽക്കൂര<br>-10%,<br>കാല<br>പ്പഴക്കം<br>-10%)<br>=13200<br>വർദ്ധനവ് - 20%<br>(വഴി<br>സൗര്യം)<br>=13200<br>വസ്തുനികുതി<br>-66000 | 22000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വസ്തുനികുതി -44000<br>അടിസ്ഥാന വസ്തു നികുതി- 1100*60 =66000 | | |
| ആകെ കുറവ് | | | | | | 37317 |

സെക്രട്ടറി അന്തിമമാക്കിയിട്ടും അപാകത നിലനിൽക്കുന്നതിനാൽ ഉണ്ടായ വ്യക്തമായ നഷ്ടം 37317 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തുക പഞ്ചായത്ത് ഫണ്ടിൽ വരവു വെച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. മറ്റ് ഏതെങ്കിലും കെട്ടിടങ്ങൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം നികുതി തെറ്റായി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് തുടർവർഷത്തിലുണ്ടായേക്കാവുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്.

ഡാറ്റ പ്യൂരിഫിക്കേഷനുശേഷവും അപാകതകൾ നിലനിൽക്കുന്നു എന്നത് ഡാറ്റാ പ്യൂരിഫിക്കേഷനിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്നതിന് തെളിവാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ- 22/14.11.2019)
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 1.07.2019 മുതൽ 2.07.2019 വരെ | കെ.എസ്.എ-പി.കെ.ഡി 21/997/2019(83)<br>തിയതി 26.08.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 969293 | ലൈഫ് മിഷൻ-ജനറൽ | 908000 | 61293 |
| | | 400000 | പാലിയേറ്റീവ് | 378657 | 21343 |
| | | 100000 | സ്കോളർഷിപ്പ് | 100000 | 0 |
| | | 1007405 | ഉഴവു കൂലി | 1004713 | 2692 |
| | | 600000 | ഭവന നിർമ്മാണ യൂണിറ്റ് | 0 | 600000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1419236 | ലൈഫ് മിഷൻ | 831720 | 587516 |
| | | 1429890 | ഉഴവു കൂലി | 1429890 | 0 |
| | | 100000 | പാൽ സബ്സിഡി | 100000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 185/19-അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ | 40/24-11-18 | 29772 | വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമായിട്ടില്ല. |
| | 174-19-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 32/11-10-18 | 80000 | |
| | 182/18-വി.പി തറ ആലംപള്ളം വാട്ടയാർ പോസ്റ്റ് മാറ്റൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 6/29-12-18 | 69974 | |
| ജല അതോറിറ്റി | 178/19-അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | 33/11-10-2018 | 39000 | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC Loan | KURDFC സ.ഉ (എം.എസ്) 111/18/ ത.സ്വ.ഭ.വ/13.08.18 | 11645280 | -- | 0 | 0 | 11645280 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളൊന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74638040 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67501917 |
| വരവിനങ്ങളിലുള്ള നഷ്ടം | 37317 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13474 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (1-3) | 6414 | - | ശ്രീ.ഗിരീഷ്.ഇ.വി, സെക്രട്ടറി |
| 2-1(4-6) | 30903 | - | ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ, സെക്രട്ടറി |
| ആകെ | 37317 | - | |
| ഭാഗം-1 ൽ സൂചിപ്പിച്ച നഷ്ടത്തിന്റെ വിവരം | | | |

| ഖണ്ഡിക നമ്പർ | | ഭരണതല നടപടികളിലൂടെ ഈടാക്കേണ്ട തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-32 | - | 7508 | ശ്രീമതി മഞ്ജു. എസ്, അസി. സെക്രട്ടറി |
| 1-39 | - | 5966 | ശ്രീമതി.ശ്രീജ.എസ്.രാജ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | - | 13474 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-15, 1-21

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗിരീഷ്.ഇ.വി, സെക്രട്ടറി | സെക്രട്ടറി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | ശ്രീകൃപ, എഴുത്താണി, വിളയോടി പി.ഒ, പാലക്കാട്-679103 |
| ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ, സെക്രട്ടറി | സെക്രട്ടറി, വടവന്നൂർ ഗ്രാമപഞ്ചായത്ത് | പണിക്കരേത്ത്, വരവിള (പി.ഒ) തിരുവനന്തപുരം – 690528 |
| ശ്രീമതി.റീജ.എസ്.രാജ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, മരുതറോഡ് ഗ്രാമപഞ്ചായത്ത് | നിസരി, ഹൗസ് നം. 11A, മോനിയംകാരതോപ്പ്, പാപ്പനംകോട് പി.ഒ, തിരുവനന്തപുരം-18 |
| ശ്രീമതി മഞ്ജു. എസ്, അസി. സെക്രട്ടറി | അസി. സെക്രട്ടറി, വെള്ളൂർ ഗ്രാമപഞ്ചായത്ത് | മാളിയേക്കൽ, കുടമാളൂർ പി.ഒ, കോട്ടയം – 686017 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം,തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | എൽ.എഫ്.പി.8/ 277/98 തീയതി 14-7-18 | 5 |
| 1997-98 | എൽ.എഫ്.പി.10/143/2000/ തീയതി 17.08.2000 | 9 |
| 1998-99 | എൽ.എഫ്.പി.5/144/2000 തീയതി 9.09.2000 | 11 |
| 1999-2000 | എൽ.എഫ്.പി. 8/655/01 തീയതി 14.08.2001 | 5 |
| 2000-01 | എൽ.എഫ്.പി. 13/01/04 തീയതി 12.01.2004 | 9 |
| 2001-02 | എൽ.എഫ്.പി. 14/682/2004 തീയതി | മുഴുവൻ |
| 2002-03 | എൽ.എഫ്.പി.8/419/05 തീയതി 12.09.2006 | 0 |
| 2003-04 | എൽ.എഫ്.പി.9-1096/06 തീയതി 27.03.2007 | 20 |
| 2004-05 | എൽ.എഫ്.പി.9-1097/06 തീയതി 11.05.2007 | 19 |
| 2005-06 | എൽ.എഫ്.പി.9/1098/06 തീയതി 16.05.2007 | 10 |
| 2006-07 | എൽ.എഫ്.പി.9/141/09 തീയതി 13.11.2009 | 1 |
| 2007-08 | എൽ.എഫ്.പി.9/142/09 തീയതി 13.11.2009 | 7 |
| 2008-09 | എൽ.എഫ്.പി.19/597/2011 തീയതി 8.02.2012 | 5 |
| 2009-10 | എൽ.എഫ്.പി.19/598/2011 തീയതി 8.02.2012 | 9 |
| 2010-11 | എൽ.എഫ്.പി. 19/257/11 തീയതി 27.03.13 | 11 |
| 2011-12 | എൽ.എഫ്.പി.19/387/14 തീയതി 05.05.14 | 12 |
| 2012-13<br>2013-14 | എൽ.എഫ്.പി.19/1402/15 തീയതി 14.01.16 | 23 |
| 2014-15 | എൽ.എഫ്.പി.19/1086/16 തീയതി 16.07.18 | 11 |
| 2015-16 | എൽ.എഫ്.പി.19/88/2017 തീയതി 11.01.17 | 15 |
| 2016-17 | എൽ.എഫ്.പി.19/1939/2017 തീയതി 8.11.17 | 17 |
| 2017-18 | കെ.എസ്.എ-പികെഡി-19/2029/18 തിയതി 4-10-2018 | 29 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-പി.കെ.ഡി 21/997/2019(83)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയ്യതി: 26.08.2019

ഫോൺ - 04912-520145

ഇ-മെയിൽ - dopkd.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരം ആവശ്യമായ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

4) വെള്ളക്കരം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ഓഡിറ്റോറിയം വരവ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

5) വസ്തുനികുതി അരിയർ ഡിമാൻഡ് മുൻവർഷത്തെ ബാലൻസ്ഷീറ്റിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ബുക്ക് അഡ്ജസ്റ്റ്മെന്റ്, പ്രയർ പീരിയഡ് ഇൻകം എന്നീ തുകകളുടെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

6) 450610103- BRGF അക്കൗണ്ട് റീകൺസിൽ ചെയ്തിട്ടില്ല. (OB, CB=394 രൂപ)

7) കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

8) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 3 Capital contribution, ആസ്തികൾക്ക് ഉപയോഗിച്ച തനത് ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ആകെ തുക B11-Fixed assets, Depreciation, B11(a)- Capital work in progress എന്നിവയുടെ തുകയ്ക്ക് തുല്യമാകേണ്ടതാണ്. എന്നാൽ ഇവ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 വിവിധ പത്രികകൾ

**1. റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്**

| | | | |
|---|---|---|---|
| | Vadavannur Grama Panchayat<br>RECEIPT & PAYMENT<br>STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | -252266.00 |
| Cash | Cash | RP-40(a) | 65297.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 697993.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 493860.00 |
| 140000000 | Fees & User Charges | RP-4 | 427676.00 |
| 150000000 | Sale & Hire Charges | RP-5 | 265982.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46352423.00 |
| [illegible] | Interest Earned | [illegible] | [illegible] |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 20249.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8905083.00 |
| 350000000 | Other Liabilities | RP-36 | 244191.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 5877.00 |
| 330000000 | Secured Loans | RP-32 | 11645280.00 |
| 340000000 | Deposits Received | RP-34 | 110150.00 |
| 350000000 | Other Liabilities | RP-36 | 218803.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5217043.00 |
| 460000000 | Loans, Advances and Deposits | RP-47 | 33430.00 |
| | Grand total | | 74451071.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2646836.00 |
| 220000000 | Administrative Expenses | RP-12 | 640932.00 |
| 230000000 | Operations & Maintenance | RP-13 | 1226249.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4631988.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14277510.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1190350.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1308414.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1161410.00 |
| 255000000 | Maintenance Projects | RP-20 | 3783618.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 13610.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 280000000 | Prior Period item | RP-26 | -100.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4989570.00 |
| 350000000 | Other Liabilities | RP-36 | 4592346.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2455.00 |
| 280000000 | Prior Period Item | RP-26 | -9160.00 |
| 340000000 | Deposits Received | RP-34 | 106523.00 |
| 350000000 | Other Liabilities | RP-36 | 1721518.00 |
| 410000000 | Fixed Assets | RP-38 | 13029268.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 11645280.00 |
| 460000000 | Loans, Advances and Deposits | RP-47 | 538300.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6949154.00 |
| Cash | Cash | RP-[illegible] | 0.0 |

| | | | |
|---|---|---|---|
| | | 40(b) | |
| | Grand Total | | 74451071.00 |

2. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Vadavannur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2469015.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 493860.00 |
| 140000000 | Fee & User Charges | I-4(b) | 854201.00 |
| 150000000 | Sale & Hire Charges | I-5(b) | 266432.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 84159785.00 |
| 171000000 | Interest Earned | I-8 | 20249.00 |
| 180000000 | Other Income | I-9 | 5877.00 |
| | Total Income | | 88269419.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8340163.00 |
| 220000000 | Administrative Expenses | I-11(b) | 640932.00 |
| 230000000 | Operations & Maintenance | I-12(b) | 1226249.00 |
| 240000000 | Interest & Finance Charges | I-13 | 2455.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4631988.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41127152.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1190350.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1308414.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 23006410.00 |
| 255000000 | Maintenance Projects | I-14(e) | 3783618.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 13610.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| 272000000 | Depreciation | I-17(a) | 613180.00 |
| | Total Expenditure | | 85889521.00 |
| | Gross Surplus/ Deficit of income over Expenditure | | 2379898.00 |
| 280000000 | Prior Period Item | I-18 | -106735.00 |
| | | | |
| | Gross Surplus/Deficit of Income over Expenditure | | 2486633.00 |

| | | | |
|---|---|---|---|
| | after prior period items. | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3. ബാലൻസ് ഷീറ്റ്

| Vadavannur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12844754.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 52008638.00 |
| | Total Reserve & Surplus | | 64853392.95 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4776044.00 |
| | Total Grants, Contributions for Specific Purposes | | 4776044.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11645280.00 |
| | Total Loans | | 11645280.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 340056.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 946637.05 |
| | Total Current Liabilities and Provisions | | 1286693.05 |
| | TOTAL LIABILITIES | | 82561410.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63612905.00 |
| 411000000 | Accumulated Depreciation | B-11 | -613180.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 62999725.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 366760.00 |
| 440000000 | Pre-paid Expenses | B-16 | 11645280.00 |
| 450000000 | Cash and Bank Balance | B-17 | 6949154.00 |
| 460000000 | Loans, Advances and Deposits | B-18 | 600491.00 |
| | Total Current Assets, Loans and Advances | | 19561685.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 82561410.00 |

ഡെപ്യൂട്ടി ഡയറക്ടർ